THE TOP-SPEC AUTOMOTIVE MAGAZINE IN MALAYALAM

RS.20/-

# ടോപ് സ്പെക്

AUGUST 2021

www.topspec.in




SCAN & READ

കവർ സ്റ്റോറി

## ടാറ്റയുടെ കരിവീരൻമാർ



ശങ്കർ മീറ്റ്ന

**ചീറിപ്പായാൻ ലംബോർഗിനി**
ഹുറാകാൻ എസ്ടിഒ

ആഡംബര ഇവി വിപണിയിൽ
**അങ്കം മുറുകുന്നു**

# ടോപ് സ്പെക്

**Volume 01 | Issue 01 | August 2021**

**www.topspec.in**
**The TopLine Media Group**

CEO & Editor-in-Chief
Sankar Meetna

Reporters
Harikrishnan R
S. Prathap

Manager-Marketing
Vijayan K Pillai

Asst. Manager-Marketing
Vinod A

Layout & Design
Arun Raj

Photographer
Sunil SKP

The 'Top Spec' e-magazine is owned by The TopLine Media Group. All materials published in this digital publication is subject to copyright. Unauthorised reproduction in any manner is strictly prohibited. All rights reserved.

For advertisements and editorial, contact:
Mobile: +91 6282291150
Email: sankarmeetna@gmail.com

നമസ്തേ,

’ടോപ് സ്പെക്’ പുതിയൊരു നാഴികക്കല്ല് താണ്ടുകയാണ്. കഴിഞ്ഞ വർഷം ചിങ്ങം ഒന്നിനാണ് ’ദ ടോപ് സ്പെക് ഓട്ടോമോട്ടീവ് വെബ് പോർട്ടൽ ഇൻ മലയാളം’ എന്ന വിശേഷണത്തോടെ ’ടോപ് സ്പെക്’ പ്രവർത്തനമാരംഭിച്ചത്. വാഹന ലോകത്തെ വാർത്തകൾ വിശ്വാസ്യതയോടെയും സമഗ്രമായും അവതരിപ്പിച്ച് മലയാളികളായ വാഹനപ്രേമികളുടെ അംഗീകാരം നേടാൻ ഇതിനകം ടോപ് സ്പെക്കിന് കഴിഞ്ഞു. കാറുകൾ, ബൈക്കുകൾ, വാണിജ്യ വാഹനങ്ങൾ, ഇലക്ട്രിക് ഹൈബ്രിഡ് വാഹനങ്ങൾ, വാഹന വ്യവസായവുമായി ബന്ധപ്പെട്ട വാർത്തകൾ, മോട്ടോർസ്പോർട്സ് തുടങ്ങി വിവിധ വിഭാഗങ്ങളിലെ വാർത്തകൾ ടോപ് സ്പെക് മികച്ച രീതിയിൽ കൈകാര്യം ചെയ്തു എന്നുതന്നെയാണ് വിശ്വസിക്കുന്നത്. പതിനാറ് വർഷത്തിൽ കൂടുതലായി മാധ്യമപ്രവർത്തന രംഗത്ത് സജീവ സാന്നിധ്യമായ ശങ്കർ മീറ്റ്നയാണ് ‘ടോപ് സ്പെക്’ മേധാവി. ഈ ചിങ്ങം ഒന്നിന് ടോപ് സ്പെക് ഒരു ഇ മാഗസിനായി വളരുകയാണ്. സമാന പ്രസിദ്ധീകരണങ്ങളെ പിന്തള്ളി മുൻ നിരയിൽ സ്ഥാനമുറപ്പിക്കുകയാണ് ലക്ഷ്യം. തുടക്കമെന്ന നിലയിൽ ഉള്ളടക്ക വിഭവങ്ങൾ കുറഞ്ഞുപോയേക്കാം. വരും ലക്കങ്ങളിൽ ഒരു സമഗ്ര ഓട്ടോമോട്ടീവ് മാഗസിനായി ടോപ് സ്പെക് മാറുമെന്ന് ഈ അവസരത്തിൽ ഉറപ്പ് നൽകുകയാണ്. സമീപ ഭാവിയിൽ അച്ചടി രൂപത്തിൽ വായനക്കാരുടെ കൈകളിലെത്താനും ടോപ് സ്പെക് ആഗ്രഹിക്കുന്നു.
എല്ലാവർക്കും ഓണാശംസകൾ!



**ശങ്കർ മീറ്റ്ന**
സിഇഒ & എഡിറ്റർ-ഇൻ-ചീഫ്




# ടാറ്റയുടെ കരിവീരൻമാർ

ശങ്കർ മീറ്റ്ന




പത്ത് ലക്ഷം രൂപയിൽ താഴെ വില വരുന്ന ഏഴ്

## സൺറൂഫ് കാറുകൾ




ആരെടാ... ഞാനെടാ

## മൾട്ടിസ്ട്രാഡ വി4

28

## അരവിന്ദ് ഓട്ടോമൊബൈൽസ്

പുനർജനിക്കുന്നു


ചീറിപ്പായാൻ ലംബോർഗിനി ഹുറാകാൻ എസ്ടിഒ.........07
ടിവിഎസ് ഐക്യൂബ് കൊച്ചിയിൽ .........12
രാജ്യമെങ്ങും ഇവി ലഭ്യമാക്കുന്നതിന് ഹീറോ ഇലക്ട്രിക്.........23
ഓകെ ഗൂഗിൾ വോയ്സ് കമാൻഡ് ഫീച്ചറുമായി ഹോണ്ട സിറ്റി .........26
ഫോഡ് ഫിഗോ ഹാച്ച്ബാക്കിന് വീണ്ടും ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ.........13
ഇന്ത്യയിൽ ജീപ്പ്, സിട്രോയെൻ ബ്രാൻഡുകൾക്ക് പുതിയ മേധാവികൾ .........26
റെനോ കൈഗർ ആർഎക്സ്ടി (ഒ) വേരിയന്റ് അവതരിപ്പിച്ചു.........24
പൂർവാധികം ഭംഗിയോടെ  പുതിയ ടാറ്റ ടിയാഗോ എൻആർജി .........25
ജാഗ്വാർ എഫ് ടൈപ്പ് ആർ ഡൈനാമിക് ബ്ലാക്ക് ബുക്കിംഗ് തുടരുന്നു .........29
ലാസ്റ്റ് മൈൽ ഡെലിവറിയിൽ കേമനാകാൻ ടാറ്റ ഏസ് ഗോൾഡ് പെട്രോൾ സിഎക്സ്.........29


www.topspec.in

# ആഡംബര ഇവി വിപണിയിൽ
# അങ്കം മുറുകുന്നു



**മെഴ്സേഡസ് ബെൻസ് ഇക്യുസി,
ജാഗ്വാർ ഐ പേസ് എന്നീ മറ്റ് ആഡംബര ഇലക്ട്രിക്
എസ്‌യുവികളാണ് ഔഡി ഇ ട്രോൺ, ഇ ട്രോൺ
സ്പോർട്ട്ബാക്ക് മോഡലുകളുടെ എതിരാളികൾ**



**ഇ ട്രോൺ 50 ക്വാട്രോ മോഡലിന് 99.99 ലക്ഷം രൂപയും ഇ ട്രോൺ 55 ക്വാട്രോ മോഡലിന് 1.16 കോടി രൂപയും ഇ ട്രോൺ സ്പോർട്ട്ബാക്ക് 55 ക്വാട്രോ മോഡലിന് 1.18 കോടി രൂപയുമാണ് ഇന്ത്യ എക്സ് ഷോറൂം വില**

ഔഡി ഇ ട്രോൺ, ഔഡി ഇ ട്രോൺ സ്പോർട്ട്ബാക്ക് ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. ജർമൻ ആഡംബര കാർ നിർമാതാക്കളുടെ ആദ്യ ഇലക്ട്രിക് എസ്‌യുവികളാണ് പുറത്തിറക്കിയത്. ഔഡി ഇ ട്രോൺ 50 ക്വാട്രോ മോഡലിന് 99.99 ലക്ഷം രൂപയും ഔഡി ഇ ട്രോൺ 55 ക്വാട്രോ മോഡലിന് 1.16 കോടി രൂപയും ഔഡി ഇ ട്രോൺ സ്പോർട്ട്ബാക്ക് 55 ക്വാട്രോ മോഡലിന് 1.18 കോടി രൂപയുമാണ് ഇന്ത്യ എക്സ് ഷോറൂം വില. ഡീലർഷിപ്പുകൾ അല്ലെങ്കിൽ ഔഡി ഇന്ത്യയുടെ ഓൺലൈൻ പോർട്ടൽ വഴി രണ്ട് ഇവികളും ബുക്ക് ചെയ്യാം. ബുക്കിംഗ് തുക 5 ലക്ഷം രൂപയാണ്. മെഴ്സേഡസ് ബെൻസ് ഇക്യുസി, ജാഗ്വാർ ഐ പേസ് എന്നീ മറ്റ് ആഡംബര ഇലക്ട്രിക് എസ്‌യുവികളാണ് ഔഡി ഇ ട്രോൺ, ഇ ട്രോൺ സ്പോർട്ട്ബാക്ക് മോഡലുകളുടെ എതിരാളികൾ.

സ്റ്റൈലിംഗ് പരിശോധിച്ചാൽ, ഔഡിയുടെ ഏറ്റവും പുതിയ ഡിസൈൻ ഭാഷയ്ക്ക് അനുസൃതമായി കൂടുതൽ പരമ്പരാഗത എസ്‌യുവി ഡിസൈൻ ലഭിച്ചതാണ് ഔഡി ഇ ട്രോൺ. അതായത്, സ്ലീക്ക് എൽ ഇഡി ഹെഡ് ലൈറ്റുകൾ സഹിതം ഇട്രോണിന് വലിയ ഗ്രിൽ നൽകി. വശങ്ങളിലേക്ക് നോക്കിയാൽ, ഔഡിയുടെ പരമ്പരാഗത എസ്‌യുവി പ്രൊഫൈലിൽ നിന്ന് വലിയ മാറ്റമില്ല. സ്റ്റാൻഡേഡ് മോഡലുമായി വളരെയധികം സാമ്യമുള്ളതാണ് ഇ ട്രോൺ സ്പോർട്ട്ബാക്കിന്റെ മുൻവശത്തെ സ്റ്റൈലിംഗ്. വശങ്ങളിൽ നിന്ന് നോക്കുമ്പോൾ, സവിശേഷമായ എസ്‌യുവി കൂപ്പെ സൗന്ദര്യം കൂടുതൽ വ്യക്തമായി കാണാം. നോച്ച്ബാക്ക് ഡിസൈനിലാണ് റൂഫ്‌ലൈൻ ചെന്നവസാനിക്കുന്നത്. രണ്ട് മോഡലുകളുടെയും പിറകിൽ എൽഇഡി ടെയ്ൽ ലാംപുകളെ ബന്ധിപ്പിക്കുന്നവിധം മുഴുവൻ വീതിയിലുമായി ലൈറ്റ് ബാർ നൽകി. സ്റ്റാൻഡേഡായി നൽകിയ 20 ഇഞ്ച് വ്യാസമുള്ള 5 സ്പോക്ക് അലോയ് വീലുകളിലാണ് രണ്ട് കാറുകളും ഓടുന്നത്. ഹൈ പ്രൊഫൈൽ ടയറുകൾ ഉപയോഗിക്കുന്നു.

മുകളിൽ 10.1 ഇഞ്ച് ഇൻഫൊടെയ്ൻമെന്റ് ഡിസ്പ്ലേ, ക്ലൈമറ്റ് കൺട്രോൾ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി താഴെ 8.8 ഇഞ്ച് ഡിസ്പ്ലേ എന്നിവ ഇ ട്രോണിന്റെ അകത്തെ ഇരട്ട ടച്ച്സ്ക്രീൻ സംവിധാനമാണ്. ഔഡിയുടെ ' വർച്വൽ കോക്പിറ്റ്' ഡിജിറ്റൽ ഇൻസ്ട്രുമെന്റ് ക്ലസ്റ്ററാണ് മറ്റൊരു ഫീച്ചർ. മാട്രിക്സ് എൽഇഡി ഹെഡ്‌ലൈറ്റുകൾ, പ്രോഗ്രസീവ് സ്റ്റിയറിംഗ്, അഡാപ്റ്റീവ് എയർ സസ്പെൻഷൻ, 4 സോൺ ക്ലൈമറ്റ് കൺട്രോൾ സിസ്റ്റം, ക്രൂസ് കൺട്രോൾ, പവേർഡ് ടെയ്ൽഗേറ്റ്, പനോരമിക് സൺറൂഫ്, പവർ അഡ്ജസ്റ്റബിൾ സ്റ്റിയറിംഗ് വളയം, തുകൽ അപോൾസ്റ്ററി എന്നിവ ഇ ട്രോൺ 55 ക്വാട്രോ മോഡലിന് സ്റ്റാൻഡേഡായി നൽകി.

50 ക്വാട്രോ വകഭേദത്തിലെ ഫീച്ചറുകൾ കൂടാതെ 16 സ്പീക്കറുകൾ സഹിതം 705 വാട്ട് ബി ആൻഡ് ഒ പ്രീമിയം 3ഡി സൗണ്ട് സിസ്റ്റം, 30 കളർ ആംബിയന്റ് ലൈറ്റിംഗ്, എയർ പ്യൂരിഫയർ, 360 ഡിഗ്രി കാമറകൾ എന്നിവ അധികമായി നൽകുന്ന ടെക്നോളജി പാക്ക് 55 ക്വാട്രോ വേർഷനിൽ ലഭിക്കും. സോഫ്റ്റ് ക്ലോസ് ഡോറുകൾ, ഹെഡ്അപ്പ് ഡിസ്പ്ലേ, ഔഡിയുടെ വർച്വൽ കോക്പിറ്റ് പ്ലസ്' , അഡാപ്റ്റീവ് വൈപ്പറുകൾ, ഫ്ളാറ്റ് ബോട്ടം സ്റ്റിയറിംഗ് വളയം എന്നിവ ഉൾപ്പെടെ നിരവധി ഓപ്ഷണൽ എക്സ്ട്രാകളും ഇലക്ട്രിക് എസ്‌യുവികളിൽ ഔഡി വാഗ്ദാനം ചെയ്യുന്നു.

ഔഡി ഇ ട്രോൺ 50 ക്വാട്രോയുടെ രണ്ട് ആക്സിലുകളിലും ഇലക്ട്രിക് മോട്ടോർ നൽകി. ആകെ 313 എച്ച്പി കരുത്തും 540 എൻഎം ടോർക്കും പരമാവധി ഉൽപ്പാദിപ്പിക്കും. പൂജ്യത്തിൽ നിന്ന് മണിക്കൂറിൽ നൂറ് കിമീ വേഗം കൈവരിക്കാൻ 6.8 സെക്കൻഡ് മതി. 71 കിലോവാട്ട് ബാറ്ററി പൂർണമായി ചാർജ് ചെയ്താൽ ഡബ്ല്യ്യു എൽടിപി അനുസരിച്ച് 264 മുതൽ 379 കിലോമീറ്റർ വരെ സഞ്ചരിക്കാൻ കഴിയും.

ഔഡി ഇ ട്രോൺ, ഇ ട്രോൺ സ്പോർട്ട്ബാക്ക് മോഡലുകളുടെ കൂടുതൽ കരുത്തുറ്റ പതിപ്പാണ് 55 ക്വാട്രോ വേരിയന്റ്. ഈ വേർഷനിലെ ഇരട്ട ഇലക്ട്രിക് മോട്ടോറുകൾ 408 എച്ച്പി കരുത്തും 664 എൻഎം ടോർക്കും പരമാവധി പുറപ്പെടുവിക്കും. 95 കിലോവാട്ട് ഔർ ബാറ്ററി പാക്ക് ലഭിച്ചതാണ് 55 ക്വാട്രോ കോൺഫിഗറേഷൻ. ബാറ്ററി പൂർണമായി ചാർജ് ചെയ്താൽ ഡബ്ല്യ്യു എൽടിപി അനുസരിച്ച് 359 മുതൽ 484 കിലോമീറ്റർ വരെ സഞ്ചരിക്കാൻ കഴിയും. ഈ കോൺഫിഗറേഷനിൽ മൂന്നക്ക വേഗം കൈവരിക്കാൻ രണ്ട് മോഡലുകൾക്കും 5.7 സെക്കൻഡ് മതി.

11 കിലോവാട്ട് എസി ചാർജർ ഉപയോഗിച്ച് വലിയ ശേഷിയുള്ള ബാറ്ററി പൂജ്യത്തിൽ നിന്ന് 80 ശതമാനം വരെ ചാർജ് ചെയ്യുന്നതിന് 8.5 മണിക്കൂർ സമയമെടുക്കും. 150 കിലോവാട്ട് ഡിസി ഫാസ്റ്റ് ചാർജർ ഉപയോഗിച്ചാൽ 30 മിനിറ്റ് മതി. എതിരാളികളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും വേഗത്തിൽ എസി ചാർജിംഗ് സാധ്യമാകുന്നതാണ് ഔഡി നൽകുന്ന 11 കിലോവാട്ട് എസി ചാർജർ. 22 കിലോവാട്ട് എസി ചാർജിംഗ് സാധ്യമാകുന്ന ഓൺബോർഡ് കൺവെർട്ടർ കൂടി ഔഡി നൽകുന്നു.

# കോഴിക്കോട് ഏഥർ സ്പേസ് പ്രവർത്തനമാരംഭിച്ചു









ഇലക്ട്രിക് സ്കൂട്ടർ നിർമാതാക്കളായ ഏഥർ എനർജിയുടെ ഇന്ത്യയിലെ പതിമൂന്നാമത് എക്സ്പീരിയൻസ് സെന്റർ കോഴിക്കോട് പ്രവർത്തനമാരംഭിച്ചു. കേരളത്തിലെ രണ്ടാമത്തെ ഷോറൂമാണ് തുറന്നത്. ക്രക്സ് മൊബിലിറ്റിയുമായി ചേർന്ന് കോഴിക്കോട് വെള്ളയിൽ വെസ്റ്റ് നടക്കാവിലാണ് ഏഥർ സ്പേസ് എന്ന റീട്ടെയ്ൽ ഔട്ട്ലെറ്റ് തുടങ്ങിയത്. ഏഥർ 450 എക്സ്, ഏഥർ 450 പ്ലസ് എന്നീ ഇലക്ട്രിക് സ്കൂട്ടറുകൾ ഇവിടെ ടെസ്റ്റ് റൈഡിനും വിൽപ്പനയ്ക്കും ലഭ്യമാണ്. കേരളത്തിലെ ആദ്യ ഏഥർ സ്പേസ് നേരത്തെ കൊച്ചിയിൽ ഉദ്ഘാടനം ചെയ്തിരുന്നു.

ഫെയിം 2 അനുസരിച്ചുള്ള സബ്സിഡി ലഭിക്കുന്നതിനാൽ ഏഥർ 450 എക്സ് സ്കൂട്ടറിന് 1,47,087 രൂപയും ഏഥർ 450 പ്ലസ് സ്കൂട്ടറിന് 1,27,916 രൂപയുമാണ് കോഴിക്കോട് എക്സ് ഷോറൂം വില. വാഹനത്തിന്റെ എല്ലാ സവിശേഷതകളും അറിയാൻ കഴിയുന്ന ഡിസ്പ്ലേ ഉൾപ്പെടെ കോഴിക്കോട് ഏഥർ സ്പേസിൽ സജ്ജീകരിച്ചു. എക്സ്പീരിയൻസ് സെന്റർ സന്ദർശിക്കുന്നതിന് മുമ്പ് ഏഥർ എനർജി വെബ്സൈറ്റ് വഴി ടെസ്റ്റ് റൈഡ് ബുക്ക് ചെയ്യാൻ കഴിയും.

വെള്ളിപറമ്പ്, മാവൂർ റോഡ്, പിടി ഉഷ റോഡ്, വെസ്റ്റ് നടക്കാവ് എന്നിവിടങ്ങളിൽ കമ്പനിയുടെ അതിവേഗ ചാർജിംഗ് പോയന്റായ ഏഥർ ഗ്രിഡ് ഇതിനകം സ്ഥാപിച്ചു. നഗരത്തിലെ വൈദ്യുത വാഹന ഉടമകൾക്ക് ചാർജ് ചെയ്യാൻ കഴിയുംവിധം പത്തോളം ചാർജിംഗ് പോയന്റുകൾ കൂടി സ്ഥാപിക്കാൻ ഏഥർ എനർജി ഉദ്ദേശിക്കുന്നു. ഉപയോക്താക്കളുടെ കെട്ടിടങ്ങളിലും അപ്പാർട്ട്മെന്റുകളിലും ചാർജിംഗ് സൗകര്യം ഒരുക്കുന്നതിനും ഏഥർ എനർജി സഹായിക്കും.

കൊച്ചിയിൽ നിന്ന് ലഭിച്ച പ്രതികരണങ്ങളുടെ അടിസ്ഥാനത്തിലാണ് കേരളത്തിലെ രണ്ടാമത്തെ എക്സ്പീരിയൻസ് സെന്റർ തുറന്നതെന്ന് ഏഥർ എനർജി ചീഫ് ബിസിനസ് ഓഫീസർ രവ്നീത് ഫോകേല പറഞ്ഞു. കോഴിക്കോട് ഉൾപ്പെടെ കേരളത്തിന്റെ മറ്റ് മേഖലകളിൽ നിന്ന് ടെസ്റ്റ് റൈഡിനായി നിരവധി പേരാണ് സമീപിക്കുന്നത്. കേരളത്തിൽ വൈദ്യുത വാഹനങ്ങൾ സംബന്ധിച്ച അവബോധം ഉയർന്ന തോതിലാണ്. സംസ്ഥാനത്തെ മൂന്നുനാല് പട്ടണങ്ങളിൽ കൂടി ഈ വർഷം ഏഥർ എനർജി സാന്നിധ്യമറിയിക്കും. ക്രക്സ് മൊബിലിറ്റിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിൽ ഏറെ ആഹ്ളാദമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്റലിജന്റ് ഫീച്ചറുകളോടെ വരുന്ന വൈദ്യുത വാഹനങ്ങളാണ് ഇനി ഭാവിയെന്നും വിശ്വസനീയ സേവനങ്ങളുടെ കാര്യത്തിൽ എന്നും മുൻപന്തിയിലാണ് തങ്ങളുടെ സ്ഥാനമെന്നും ക്രക്സ് മൊബിലിറ്റി മാനേജിംഗ് ഡയറക്റ്റർ നിക്ഷൻ അഹമ്മദ് പറഞ്ഞു.

മുംബൈ, പുണെ, ഹൈദരാബാദ്, കൊച്ചി, അഹമ്മദാബാദ്, ന്യൂഡെൽഹി, തിരുച്ചിറപ്പള്ളി, വിശാഖപട്ടണം, ജയ്പൂർ ഉൾപ്പെടെ രാജ്യത്തെ പതിനാറ് നഗരങ്ങളിൽ ഈ വർഷം ഏഥർ എനർജി സാന്നിധ്യമറിയിച്ചിരുന്നു.

# ചീറിപ്പായാൻ ലംബോർഗിനി

## ഹുറാകാൻ എസ്ടിഒ

ലംബോർഗിനി ഹുറാകാൻ എസ്ടിഒ ഈയിടെ ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. 4.99 കോടി രൂപയാണ് രാജ്യമെങ്ങും എക്സ് ഷോറൂം വില. ഹൈ പെർഫോമൻസ് മോഡലായ ലംബോർഗിനി ഹുറാകാൻ പെർഫൊർമാന്റെയുടെ പകരക്കാരനായി വരുന്ന ഹുറാകാൻ എസ്ടിഒ കഴിഞ്ഞ വർഷം നവംബറിലാണ് ആഗോള അരങ്ങേറ്റം നടത്തിയത്. ഹുറാകാൻ പെർഫൊർമാന്റെയുമായി താരതമ്യം ചെയ്യുമ്പോൾ 43 കിലോഗ്രാം ഭാരം കുറഞ്ഞവനാണ് ഹുറാകാൻ എസ്ടിഒ. ബോഡിവർക്കിൽ 75 ശതമാനത്തിൽ കൂടുതൽ കാർബൺ ഫൈബർ ഉപയോഗിച്ചതാണ് ഇതിന് പ്രധാന കാരണം. ലംബോർഗിനി ഹുറാകാൻ എസ്ടിഒയുടെ ആകെ ഡ്രൈ വെയ്റ്റ് 1,339 കിലോഗ്രാമാണ്.

ഹുറാകാൻ പെർഫൊർമാന്റെ ഉപയോഗിച്ചിരുന്ന അതേ 5.2 ലിറ്റർ, നാച്ചുറലി ആസ്പിറേറ്റഡ്, വി10 എൻജിനാണ് പുതിയ മോഡലായ ലംബോർഗിനി ഹുറാകാൻ എസ്ടിഒയുടെ ഹൃദയം. പരമാവധി ഏകദേശം 630 ബിഎച്ച്പി കരുത്ത് ഉൽപ്പാദിപ്പിക്കുംവിധം എൻജിൻ ട്യൂൺ ചെയ്തു. അതേസമയം 565 ന്യൂട്ടൺ മീറ്ററായി ടോർക്ക് കുറഞ്ഞു. മുൻഗാമിയിൽ 600 എൻഎം ആയിരുന്നു. ഈ റിയർ വീൽ ഡ്രൈവ് കാറിന് പൂജ്യത്തിൽനിന്ന് മണിക്കൂറിൽ നൂറ് കിലോമീറ്റർ വേഗം കൈവരിക്കാൻ 3.0 സെക്കൻഡും 200 കിമീ വേഗമാർജിക്കാൻ 9.0 സെക്കൻഡും മതി. മണിക്കൂറിൽ 310 കിലോമീറ്ററാണ് ടോപ് സ്പീഡ്. നിരത്തുകൾക്കായി എസ്ടിഒ, ട്രാക്കുകളിൽ ഉപയോഗിക്കുന്നതിന് ട്രോഫി, പേര് സൂചിപ്പിക്കുന്നതുപോലെ റെയ്ൻ എന്നീ മൂന്ന് ഡ്രൈവിംഗ് മോഡുകൾ നൽകി.

റോഡ്, ട്രാക്ക് കോൺഫിഗറേഷനുകൾ സഹിതം 'ബ്രിഡ്ജ്സ്റ്റോൺ പുതൻസ ടയറുകൾ പൊതിഞ്ഞ 20 ഇഞ്ച് മഗ്നീഷ്യം വീലുകൾ ലഭിച്ചു. മുന്നിൽ ഡബ്ല്യു ആകൃതിയിൽ എൽഇഡി ഡേടൈം റണ്ണിംഗ് ലൈറ്റുകൾ സഹിതം സവിശേഷ സ്വെപ്റ്റ്ബാക്ക് എൽഇഡി ഹെഡ്‌ലാംപുകൾ കാണാം. പിറകിൽ വലിയ സ്പോയ്‌ലർ, സ്ലീക്ക് എൽഇഡി ടെയ്ൽ ലാംപുകൾ, ഉയർത്തി സ്ഥാപിച്ച ഇരട്ട എക്സോസ്റ്റ് പൈപ്പുകൾ, റിയർ ഡിഫ്യൂസർ എന്നിവ നൽകി. ക്രമീകരിക്കാവുന്ന സ്പോയ്‌ലർ നൽകിയതിനാൽ എയ്റോഡൈനാമിക് ക്ഷമത 37 ശതമാനം വർധിച്ചു. ഹുറാകാൻ പെർഫൊർമാന്റെയേക്കാൾ 53 ശതമാനം കൂടുതൽ ഡൗൺഫോഴ്സ് മറ്റൊരു സവിശേഷതയാണ്. പിറകിലെ ബോണറ്റിൽ ഷാർക്ക് ഫിൻ നൽകി.

ലംബോർഗിനിയുടെ 'കാർബൺസ്കിൻ' ഉപയോഗിച്ച് കാബിൻ ഏതാണ്ട് പൂർണമായും മികച്ച രീതിയിൽ അലങ്കരിച്ചു. അൽക്കാന്ററയേക്കാൾ ഭാരം കുറഞ്ഞതാണ് ഇറ്റാലിയൻ ആഡംബര സ്പോർട്സ് കാർ നിർമാതാക്കളുടെ സ്വന്തമായ കാർബൺസ്കിൻ എന്ന ഫാബ്രിക്. സ്പോർട്ട് സീറ്റുകൾ, സ്റ്റിയറിംഗ് വളയം, ഡാഷ്ബോർഡ് എന്നിവ അലങ്കരിക്കാൻ കാർബൺസ്കിൻ ഉപയോഗിച്ചു. പുതിയ ഹ്യൂമൻ മഷീൻ ഇന്റർഫേസ് (എച്ച്എംഐ) ഗ്രാഫിക്സ് ഫീച്ചർ സഹിതമാണ് ഇൻഫൊടെയ്ൻമെന്റ് സിസ്റ്റം അവതരിപ്പിച്ചത്. റേസ്ട്രാക്കുകളിലെ പ്രകടനം നിരീക്ഷിക്കുന്നതിനും റെക്കോർഡ് ചെയ്യുന്നതിനുമായി ഫുള്ളി കണക്റ്റഡ് ടെലിമെട്രി സിസ്റ്റം നൽകി. 'ലംബോർഗിനി ഉണിക്ക' ആപ്പ് വഴി ഈ ഡാറ്റ വിശകലനം ചെയ്യാം

**ഹൈ പെർഫോമൻസ് മോഡലായ ലംബോർഗിനി ഹുറാകാൻ പെർഫൊർമാന്റെയുടെ പകരക്കാരനായി വരുന്ന ഹുറാകാൻ എസ്ടിഒ കഴിഞ്ഞ വർഷം നവംബറിലാണ് ആഗോള അരങ്ങേറ്റം നടത്തിയത്**



**HEROelectric**
The smart move

# ഈ ഓണം ആഘോഷിക്കു ഹീറോ ഇലക്ട്രിക്കി നോടൊപ്പം

ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്ന ഇലക്ട്രിക് ബൈക്ക് സ്



**PHOTON HX**
~~₹79940~~ **₹71440***
Ex-Showroom Price

**OPTIMA HX** Single Battery
~~₹61640~~ **₹53540***
Ex-Showroom Price

**OPTIMA HX** Double Battery
~~₹78640~~ **₹58980***
Ex-Showroom Price

**NYX HX** Double Battery
~~₹83940~~ **₹62954***
Ex-Showroom Price

*** POST FAME 2 SUBSIDY ENHANCEMENT.**

*T&C Apply. 5 years extended warranty offer valid for a limited period only. 4th and 5th year warranty does not include warranty on battery and charger. ** Finance at the sole discretion of Finance Companies

**NON-REGISTRATION MODEL ALSO AVAILABLE**

5 YEARS WARRANTY

FREE HOME DELIVERY

₹9,575 DOWN PAYMENT SCHEME **
100% FINANCE FOR GOVERNMENT EMPLOYEES **

FINANCE PARTNERS: muthoot CAPITAL, SHRIRAM City, YOGLOANS

**COCHIN: KALOOR: M&M Motors:** 7594012650, 9605000661, 9605000664, 0484-4045646 **EDAPPALLY-THRIKKARARA ROAD: Parx Hero:** 9605234500, 7902234500 **NORTH PARAVUR: Classic Motors:** 9645727896, 9745021717, 0484-4020008 **ANGAMALLY: Parx Hero:** 9287234500, 9747234500, 9947552292 **MUVATTUPUZHA Malathy Motors:** 9895234500 **TRIPUNITHURA: M&M Motors:** 9605000771, 7403199530 **PERUMBAVUR: Parx Hero:** 7034234500, 7909234500 **CHERANELLOOR: E-Yes Motors:** 9846033030 **ALLEPPEY: Green Planet:** 9048833116, 04772961444 **KOTTAYAM: Jakos Motors:** 7994141561, 8589995701, 8589995703 **KOLLAM: (POLAYATHODE): A.N. Motors:** 8139086033, 8078114255, 9846070179 **KARUNAGAPALLI: Green Wheelz:** 9633778803, 9846070179 **KUNNIKODU (NEAR KOTTARAKKARA): Diya Electric Motors:** 9747170569, 9947710569 **PATHANAMTHITTA: CMT Electric:** 9745693552, 9074038590 **ADOOR: N&N Enterprises:** 8921208277, 8129362018 **TRIVANDRUM (EDAPAZAHANJI-JAGATHY ROAD): Shine Integrated Technologies:** 9961177701, 9387277701, 9387177701 **PALLICHAL (VEDIVACHANCOIL): Niya E-Bikes:** 7994453322, 7025543322 **NEYYATTINKARA: Shastra Auto Engineers:** 8129754718 **THRISSUR: Ariane Motors:** 9349010463, 9249222960, 9388758002, 04802701189 **CHAVAKKAD: Kakkaserry Agencies:** 8606586601, 0487-2508165, 8907806202 **WADAKKANCHERRY: Kakkasserry Agencies:** 8606586601, 9497478815 **CHALAKUDY: Parx Hero:** 7025785500 **KODUNGALLUR: Royal Motors:** 04802800035, 9645727896, 9745021717, 9074829080 **IRINJALAKUDA: Royal Motors:** 9645727896, 9745021717, 6282084291 **PALAKKAD: Sujith Automobiles:** 9544466604, 9447675256, 9447531898 **SHORANUR: K.K. Agencies:** 7809147777, 7809157777 **KOOTTANAD: Nellikkal Eco Tech:** 8592961334, 8606726640 **TIRUR: Aaron Motors:** 9567879798, 7994130097 **EDAPPAL: Aaron Eco Motors LLP:** 9562679576, 9544689576 **PARAPPANANGADI: Vision Eco Motors:** 9645510010, 9995667572 **KOTTAKKAL: Eco Motors:** 9846717070 **MANJERI: Electrica Motors:** 7736740740 **KONDOTTY: Universal Trading:** 7994636384 **CALICUT: EAST HILL: R.G. Eco Motors:** 9072367776, 0495-4099002 **RAMANATTUKARA: Elektra E-Bikes:** 9895993129, 8281602129 **BALUSSERY: Orma Motors:** 9682637251, 9847144427 **IRRITTY: Jesus Eco Motors:** 9946128731, 9400049006

www.heroelectric.in
**1860-2662-2662**

For bulk and dealership enquiries contact: **9745527623 / 7356568661**




കവർ സ്റ്റോറി

# ടാറ്റയുടെ കരിവീരൻമാർ

**ഡാർക്ക് എഡിഷൻ വോക്ക് എറൗണ്ട് റിവ്യൂ**

**ശങ്കർ മീറ്റ്ന**

ടാറ്റ അൽട്രോസ്, നെക്സോൺ, നെക്സോൺ ഇവി മോഡലുകളുടെ ഡാർക്ക് എഡിഷൻ ഈയിടെയാണ് ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചത്. ടാറ്റ ഹാരിയർ ഡാർക്ക് എഡിഷൻ 2019 ൽ വിപണിയിലെത്തിച്ചിരുന്നു. എന്നാൽ അൽട്രോസ്, നെക്സോൺ, നെക്സോൺ ഇവി മോഡലുകൾക്ക് ഓൾ ബ്ലാക്ക് ട്രീറ്റ്മെന്റ് ലഭിക്കുന്നത് ഇതാദ്യമാണ്. ഇതോടൊപ്പം 2021 വർഷത്തേക്കായി ടാറ്റ ഹാരിയർ ഡാർക്ക് എഡിഷൻ പരിഷ്കരിച്ചു. അൽട്രോസ് ഡാർക്ക് എഡിഷന് 8.71 ലക്ഷം രൂപയിലും നെക്സോൺ ഡാർക്ക് എഡിഷന് 10.40 ലക്ഷം രൂപയിലും നെക്സോൺ ഇവി ഡാർക്ക് എഡിഷന് 15.99 ലക്ഷം രൂപയിലും ഹാരിയർ ഡാർക്ക് എഡിഷന് 18.04 ലക്ഷം രൂപയിലുമാണ് ഡെൽഹി എക്സ് ഷോറൂം വില ആരംഭിക്കുന്നത്. സ്റ്റാൻഡേഡ് മോഡലുകളുമായി താരതമ്യം ചെയ്യുമ്പോൾ 45,000 രൂപ വരെ വില വർധിച്ചു. ടാറ്റ ഹാരിയർ ഡാർക്ക് എഡിഷൻ ഏറെ ജനപ്രീതി നേടിയതോടെയാണ് മറ്റ് മോഡലുകളുടെയും ഡാർക്ക് എഡിഷൻ അവതരിപ്പിക്കുന്ന കാര്യം ടാറ്റ മോട്ടോഴ്സ് ആലോചിച്ചത്. വിൽപ്പന വർധിക്കാൻ ഡാർക്ക് എഡിഷൻ സഹായിക്കുമെന്ന് കമ്പനി പ്രതീക്ഷിക്കുന്നു. ഡാർക്ക് എഡിഷൻ മോഡലുകളുടെ അകത്തും പുറത്തും കറുത്ത തീം നൽകി.

ഫുള്ളി ലോഡഡ് പെട്രോൾ എക്സ്സെഡ് പ്ലസ് വേരിയന്റുകളിലാണ് ടാറ്റ അൽട്രോസ് ഡാർക്ക് എഡിഷൻ പ്രീമിയം ഹാച്ച്ബാക്ക് വിപണിയിലെത്തുന്നത്. 86 എച്ച്പി ഉൽപ്പാദിപ്പിക്കുന്ന 1.2 ലിറ്റർ, നാച്ചുറലി ആസ്പിറേറ്റഡ് പെട്രോൾ എൻജിൻ, 110 എച്ച്പി പുറപ്പെടുവിക്കുന്ന 1.2 ലിറ്റർ ടർബോ പെട്രോൾ എൻജിൻ എന്നീ

**ടാറ്റ ഹാരിയർ ഡാർക്ക് എഡിഷൻ ഏറെ ജനപ്രീതി നേടിയതോടെയാണ് മറ്റ് മോഡലുകളുടെയും ഡാർക്ക് എഡിഷൻ അവതരിപ്പിക്കാൻ ടാറ്റ മോട്ടോഴ്സ് തീരുമാനിച്ചത്**












ഓപ്ഷനുകളിലൊന്ന് ഉപയോക്താക്കൾക്ക് തെരഞ്ഞെടുക്കാം. 5 സ്പീഡ് മാന്വൽ ഗിയർബോക്സാണ് രണ്ട് എൻജിനുകളുടെയും കൂട്ട്. പുതുതായി 'കോസ്മോ ഡാർക്ക്' കളർ സ്കീം, 'ഡാർക്ക്' ടിന്റ് ഫിനിഷ് ലഭിച്ച 16 ഇഞ്ച് അലോയ് വീലുകൾ, ബോണറ്റിലുടനീളം ഡാർക്ക് ക്രോം, മുന്നിലെ ഫെൻഡറിൽ 'ഡാർക്ക്' എംബ്ലം എന്നീ മാറ്റങ്ങൾ കാണാൻ കഴിയും. കാബിനിൽ ഓൾ ഗ്രാനൈറ്റ് ബ്ലാക്ക് തീം ലഭിച്ചു. ഡാഷ്ബോർഡിന്റെ മിഡ് പാഡിൽ ഗ്ലോസ് ബ്ലാക്ക് ഫിനിഷ് നൽകി. ട്രൈ ആരോ പെർഫൊറേഷനുകൾ സഹിതം പ്രീമിയം ലെതററ്റ് സീറ്റുകൾ, ബ്ലൂ ഡെക്കോ തുന്നലുകൾ, മുന്നിലെ ഹെഡ്റെസ്റ്റിൽ 'ഡാർക്ക്' എംബ്രോയ്ഡറി എന്നിവയാണ് മറ്റ് പരിഷ്കാരങ്ങൾ.

പെട്രോൾ, ഡീസൽ എൻജിൻ ഓപ്ഷനുകളിലായി എക്സ്സെഡ് പ്ലസ്, എക്സ്സെഡ് പ്ലസ് (ഒ) എന്നീ വേരിയന്റുകളിലാണ് ടാറ്റ നെക്സോൺ ഡാർക്ക് എഡിഷൻ വരുന്നത്. 120 എച്ച്പി ഉൽപ്പാദിപ്പിക്കുന്ന 1.2 ലിറ്റർ ടർബോ പെട്രോൾ, 110 എച്ച്പി പുറപ്പെടുവിക്കുന്ന 1.5 ലിറ്റർ ഡീസൽ എന്നിവയാണ് എൻജിൻ ഓപ്ഷനുകൾ. 6 സ്പീഡ് മാന്വൽ, എഎംടി എന്നിവ രണ്ട് എൻജിനുകളുടെയും ഓപ്ഷനുകളാണ്. 'അറ്റ്ലസ് ബ്ലാക്ക്' എക്സ്റ്റീരിയർ കളർ, 16 ഇഞ്ച് ചാർക്കോൾ അലോയ് വീലുകൾ, സോണിക് സിൽവർ ബെൽറ്റ്ലൈൻ, ഡാർക്ക് എംബ്ലം എന്നീ മാറ്റങ്ങൾ പ്രത്യേക പതിപ്പിനായി സബ്കോംപാക്റ്റ് എസ്‌യുവിയിൽ വരുത്തിയിരിക്കുന്നു. കാബിനിൽ കറുത്ത 'ട്രൈ ആരോ' ഡാഷ്ബോർഡ് പാനൽ, ട്രൈ ആരോ പെർഫൊറേഷനുകൾ സഹിതം കറുത്ത ലെതററ്റ് സീറ്റുകൾ, മുന്നിലെ ഹെഡ്റെസ്റ്റുകളിൽ

**അൾട്രോസ് ഡാർക്ക് എഡിഷന് 8.71 ലക്ഷം രൂപയിലും നെക്സോൺ ഡാർക്ക് എഡിഷന് 10.40 ലക്ഷം രൂപയിലും നെക്സോൺ ഇവി ഡാർക്ക് എഡിഷന് 15.99 ലക്ഷം രൂപയിലും ഹാരിയർ ഡാർക്ക് എഡിഷന് 18.04 ലക്ഷം രൂപയിലുമാണ് ഡെൽഹി എക്സ് ഷോറൂം വില ആരംഭിക്കുന്നത്**

'ഡാർക്ക്' എംബ്രോയ്ഡറി, ട്രൈ ആരോ തീം സഹിതം ഡോർ ട്രിമ്മുകൾ എന്നിവയും ലഭിച്ചു.

എക്സ്സെഡ് പ്ലസ്, എക്സ്സെഡ് പ്ലസ് ലക്സ് എന്നീ വേരിയന്റുകളിലാണ് ടാറ്റ നെക്സോൺ ഇവി ഇലക്ട്രിക് എസ്‌യുവിയുടെ ഡാർക്ക് എഡിഷൻ അവതരിപ്പിച്ചത്. 'മിഡ്നൈറ്റ് ബ്ലാക്ക്' ബോഡി കളർ, ചാർക്കോൾ ഗ്രേ അലോയ് വീലുകൾ, ബ്ലൂ ഹൈലൈറ്റുകൾക്ക് പകരം ബെൽറ്റ് ലൈനിൽ സാറ്റിൻ ബ്ലാക്ക് ഇൻസർട്ടുകൾ, 'ഡാർക്ക്' എംബ്ലം എന്നിവയാണ് പരിഷ്കാരങ്ങൾ. ട്രൈ ആരോ പെർഫൊറേഷനുകൾ സഹിതം ഡാർക്ക് തീം ലെതററ്റ് അപോൾസ്റ്ററി, ഇവി ബ്ലൂ ഹൈലൈറ്റ് തുന്നലുകൾ, ട്രൈ ആരോ ഡിസൈൻ സഹിതം ഡാർക്ക് തീമിൽ പിയാനോ ബ്ലാക്ക് ഡാഷ്ബോർഡ്, ഡോർ ട്രിമ്മിൽ ട്രൈ ആരോ പെർഫൊറേഷനുകൾ സഹിതം ഡാർക്ക് ലെതററ്റ് അപോൾസ്റ്ററി എന്നിവ കാബിനിൽ നൽകിയിരിക്കുന്നു. നീല തുന്നലുകൾ സഹിതം സ്റ്റിയറിംഗ് വളയത്തിൽ തുകൽ പൊതിഞ്ഞു. മുന്നിലെ ഹെഡ്റെസ്റ്റുകളിൽ 'ഡാർക്ക്' എംബ്രോയ്ഡറി നൽകി. കപ്പ് ഹോൾഡറുകൾ സഹിതം പിൻ നിര സീറ്റുകളുടെ മധ്യത്തിലായി പുതുതായി ആംറെസ്റ്റ് സ്ഥാപിച്ചു. എക്സ്സെഡ് പ്ലസ് വേരിയന്റിൽ അധിക ഫീച്ചറായി പിൻ നിരയിൽ 60:40 അനുപാതത്തിൽ സ്പ്ലിറ്റ് ഫോൾഡിംഗ് സീറ്റുകൾ നൽകി. ടയർ പ്രഷർ മോണിറ്റർ കൂടി സ്റ്റാൻഡേഡ് ഫിറ്റ്മെന്റാണ്. പിൻ നിര സീറ്റുകളിൽ ക്രമീകരിക്കാവുന്ന ഹെഡ്റെസ്റ്റ് ലഭിച്ചു.

എക്സ്ടി പ്ലസ്, എക്സ്സെഡ് പ്ലസ്, എക്സ്സെഡ്എ പ്ലസ് എന്നീ മൂന്ന് വേരിയന്റുകളിൽ മാത്രമായിരിക്കും ടാറ്റ ഹാരിയർ ഡാർക്ക് എഡിഷൻ ഇപ്പോൾ ലഭിക്കുന്നത്. അൽപ്പം ഡീപ്പ് ബ്ലൂ സാന്നിധ്യത്തോടെ പുതുതായി 'ഒബ്റോൺ ബ്ലാക്ക്' കളർ സ്കീം, 18 ഇഞ്ച് ബ്ലാക്ക് സ്റ്റോൺ അലോയ് വീലുകൾ, പിയാനോ ബ്ലാക്ക് ഫിനിഷ് ലഭിച്ച ഹാരിയർ ബാഡ്ജ് എന്നിവ എസ്‌യുവിയുടെ സവിശേഷതകളാണ്. നേരത്തെ അറ്റ്ലസ് ബ്ലാക്ക് പെയിന്റ് സ്കീമിലാണ് ടാറ്റ ഹാരിയർ ഡാർക്ക് എഡിഷൻ ലഭിച്ചിരുന്നത്. കാബിനിൽ ഡാർക്ക് ക്രോം ഇന്റീരിയർ പാക്കേജ്, ട്രൈ ആരോ പെർഫൊറേഷനുകൾ സഹിതം 'ബെനെക് കാലിക്കോ' ലെതററ്റ് അപോൾസ്റ്ററി, മുന്നിലെ സീറ്റുകളിൽ 'ഡാർക്ക്' എംബ്രോയ്ഡറി എന്നിവയും നൽകി.

# ടിവിഎസ് ഐക്യൂബ് കൊച്ചിയിൽ




**ബാറ്ററി പൂർണമായി ചാർജ് ചെയ്താൽ 75 കിലോമീറ്റർ സഞ്ചരിക്കാൻ കഴിയും. മണിക്കൂറിൽ 78 കിലോമീറ്ററാണ് ഏറ്റവും ഉയർന്ന വേഗത**



ടിവിഎസ് ഐക്യൂബ് കൊച്ചിയിൽ അവതരിപ്പിച്ചു. കേന്ദ്ര സർക്കാരിന്റെ ഫെയിം 2 പദ്ധതി അനുസരിച്ചുള്ള സബ്സിഡി ലഭിക്കുന്നതിനാൽ 1,23,917 രൂപയാണ് ഓൺ റോഡ് വില. കൊച്ചിയിലെ തെരഞ്ഞെടുത്ത ഡീലർഷിപ്പുകളിൽ ടിവിഎസ് ഐക്യൂബ് ലഭ്യമാണ്. 5000 രൂപയാണ് ബുക്കിംഗ് തുക.

സംസ്ഥാന റോഡ് ഗതാഗത മന്ത്രി ആന്റണി രാജു, ടിവിഎസ് മോട്ടോർ കമ്പനി ജോയന്റ് മാനേജിംഗ് ഡയറക്റ്റർ സുദർശൻ വേണു എന്നിവർ ചേർന്നാണ് ഇലക്ട്രിക് സ്കൂട്ടർ പുറത്തിറക്കിയത്. ബെംഗളൂരു, ഡെൽഹി, ചെന്നൈ, പുണെ നഗരങ്ങളിലെ മികച്ച പ്രതികരണങ്ങൾക്കു ശേഷമാണ് ഇലക്ട്രിക് സ്കൂട്ടർ കൊച്ചിയിൽ അവതരിപ്പിക്കുന്നതെന്ന് സുദർശൻ വേണു പറഞ്ഞു.

ആധുനിക ഇലക്ട്രിക് ഡ്രൈവ്ട്രെയ്ൻ ലഭിച്ച ടിവിഎസ് ഐക്യൂബ് ഇലക്ട്രിക് സ്കൂട്ടറിന് 4.4 കിലോവാട്ട് ഇലക്ട്രിക് മോട്ടോറാണ് കരുത്തേകുന്നത്. ബാറ്ററി പൂർണമായി ചാർജ് ചെയ്താൽ 75 കിലോമീറ്റർ സഞ്ചരിക്കാൻ കഴിയും. മണിക്കൂറിൽ 78 കിലോമീറ്ററാണ് ഏറ്റവും ഉയർന്ന വേഗത. പൂജ്യത്തിൽ നിന്ന് മണിക്കൂറിൽ 40 കിലോമീറ്റർ വേഗം കൈവരിക്കാൻ 4.2 സെക്കൻഡ് മതി.

പുതു തലമുറ ടിവിഎസ് സ്മാർട്ട്കണക്റ്റ് സിസ്റ്റം, ടിഎഫ്ടി ക്ലസ്റ്റർ എന്നിവ സവിശേഷതകളാണ്. ഇക്കോണമി, പവർ മോഡുകൾ തെരഞ്ഞെടുക്കാനുള്ള സൗകര്യം, ക്യൂ പാർക്ക് അസിസ്റ്റ്, റീജനറേറ്റീവ് ബ്രേക്കിംഗ് എന്നിവയാണ് മറ്റ് ഫീച്ചറുകൾ. എൽഇഡി ഹെഡ്‌ലാംപ്, എൽഇഡി ടെയ്ൽ ലാംപ് ലഭിച്ചു.

ബ്ലൂടൂത്ത് കണക്റ്റിവിറ്റി, ജിയോ ഫെൻസിംഗ് സൗകര്യം, വിദൂര ബാറ്ററി ചാർജ് സ്റ്റാറ്റസ്, നാവിഗേഷൻ സഹായം എന്നിവ കൂടാതെ ഒടുവിൽ പാർക്ക് ചെയ്ത സ്ഥലം മനസിലാക്കുന്നതിനും കോളുകളുടെയും എസ്എംഎസു കളുടെയും നോട്ടിഫിക്കേഷനുകൾ ലഭിക്കുന്നതിനും ടിവിഎസ് ഐക്യൂബ് ആപ്പ് ഉപയോഗിക്കാം.

തൽക്കാലം കൊച്ചിൻ ടിവിഎസിൽ ചാർജിംഗ് സൗകര്യം ഉണ്ടായിരിക്കും. നഗരത്തിൽ കൂടുതൽ ചാർജിംഗ് കേന്ദ്രങ്ങൾ കമ്പനി സജ്ജീകരിക്കും. വീട്ടിൽ ചാർജ് ചെയ്യുന്നതിന് 'സ്മാർട്ട്ഹോം' സംവിധാനം ഉപയോക്താക്കൾക്ക് പ്രയോജനപ്പെടുത്താം.

# ഫോഡ് ഫിഗോ ഹാച്ച്ബാക്കിന്
## വീണ്ടും ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ




ഫോഡ് ഫിഗോ ഹാച്ച് ബാക്കിന് വീണ്ടും ഓട്ടോമാറ്റിക് ഓപ്ഷൻ ലഭിച്ചു. പുതിയ 6 സ്പീഡ് ടോർക്ക് കൺവെർട്ടർ യൂണിറ്റുമായാണ് കാർ ഇപ്പോൾ വരുന്നത്. ടൈറ്റാനിയം, ടൈറ്റാനിയം പ്ലസ് എന്നീ രണ്ട് വേരിയന്റുകളിൽ ഫോഡ് ഫിഗോ ഓട്ടോമാറ്റിക് ലഭിക്കും. യഥാക്രമം 7.75 ലക്ഷം രൂപയും 8.20 ലക്ഷം രൂപയുമാണ് ഡെൽഹി എക്സ് ഷോറൂം വില. നേരത്തെ ഡുവൽ ക്ലച്ച് ട്രാൻസ്മിഷൻ (ഡിസിടി) എന്ന ഓട്ടോമാറ്റിക് ഓപ്ഷനിലാണ് ഫോഡ് ഫിഗോ ലഭിച്ചിരുന്നത്. എന്നാൽ 2019 ൽ ഫേസ്‌ലിഫ്റ്റ് അവതരിപ്പിച്ചതോടെ ഡിസിടി വേരിയന്റുകൾ നിർത്തിയിരുന്നു. ഇപ്പോൾ ഓട്ടോമാറ്റിക് കാറുകൾക്ക് ആവശ്യക്കാർ വർധിച്ചുകൊണ്ടിരിക്കുകയാണ്. ഫിഗോ ഓട്ടോമാറ്റിക് അവതരിപ്പിക്കുന്നത് തീർച്ചയായും വിൽപ്പന വർധിപ്പിക്കുമെന്ന് ഫോഡ് ഇന്ത്യ പ്രതീക്ഷിക്കുന്നു.

1.2 ലിറ്റർ, 3 സിലിണ്ടർ പെട്രോൾ എൻജിന്റെ കൂടെ മാത്രമായിരിക്കും ഓട്ടോമാറ്റിക് ഓപ്ഷൻ ലഭിക്കുന്നത്. ഈ മോട്ടോർ 95 ബിഎച്ച്പി കരുത്തും 119 എൻഎം ടോർക്കുമാണ് പരമാവധി ഉൽപ്പാദിപ്പിക്കുന്നത്. പുതുതായി അവതരിപ്പിച്ച ഓട്ടോമാറ്റിക് ടോർക്ക് കൺവെർട്ടർ യൂണിറ്റിന് പുറമേ 5 സ്പീഡ് മാന്വൽ ഗിയർബോക്സ് ഈ എൻജിന്റെ മറ്റൊരു ഓപ്ഷനാണ്. ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യ സാക്ഷ്യപ്പെടുത്തിയത് അനുസരിച്ച് 16 കിലോമീറ്റർ ഇന്ധനക്ഷമത നൽകുന്നതാണ് പുതിയ ഫിഗോ ഓട്ടോമാറ്റിക്. കൂടുതൽ റെസ്പോൺസീവ് ഡ്രൈവിംഗിനായി അതിവേഗ ഗിയർഷിഫ്റ്റുകൾ സമ്മാനിക്കുന്ന പുതിയ 'സ്പോർട്ട് മോഡ്' സഹിതമാണ് 6 സ്പീഡ് എടി വരുന്നത്. അതേസമയം ഗിയർഷിഫ്റ്റ് ലിവറിലെ ടോഗിൾ സ്വിച്ച് ഉപയോഗിച്ച് മാന്വലായി ഗിയറുകൾ മാറ്റാൻ 'സെലക്റ്റ്ഷിഫ്റ്റ്' ഫംഗ്ഷൻ അനുവദിക്കും.

കാഴ്ച്ചയിൽ കാർ മാറ്റമില്ലാതെ തുടരുന്നു. മാത്രമല്ല, മാന്വൽ സഹോദരങ്ങളുടെ മിക്ക ഫീച്ചറുകളും ലഭിച്ചു. റെയ്ൻ സെൻസിംഗ് വൈപ്പറുകൾ, ഇലക്ട്രോക്രോമിക്

**പുതിയ 'സ്പോർട്ട് മോഡ്' സഹിതം 6 സ്പീഡ് ടോർക്ക് കൺവെർട്ടറാണ് ഇപ്പോൾ ലഭിച്ചത്**

ഐആർവിഎം, 7 ഇഞ്ച് ടച്ച്സ്ക്രീൻ ഇൻഫൊടെയ്ൻമെന്റ് സിസ്റ്റം, കമ്പനിയുടെ കണക്റ്റിവിറ്റി സൊലൂഷനായ 'ഫോഡ്പാസ്' എന്നിവ ഫീച്ചറുകളിൽ ഉൾപ്പെടുന്നു. ഫോഡ്പാസ് ആപ്പ് വഴി വിദൂരമായി വാഹനം സ്റ്റാർട്ട് ചെയ്യുന്നതിനും നിർത്തുന്നതിനും ലോക്ക് ചെയ്യുന്നതിനും അൺലോക്ക് ചെയ്യുന്നതിനും മറ്റ് നിരവധി പ്രവർത്തനങ്ങൾ നടത്തുന്നതിനും കഴിയും. ആറ് എയർബാഗുകൾ, ട്രാക്ഷൻ കൺട്രോൾ സിസ്റ്റം, ഇലക്ട്രോണിക് സ്റ്റബിലിറ്റി കൺട്രോൾ, ഹിൽ ലോഞ്ച് അസിസ്റ്റ് തുടങ്ങിയവ സുരക്ഷാ ഫീച്ചറുകളാണ്.

Break the chain

# VICTORY HORSE CLUB

**NEVER MISS A CHANCE TO RIDE**

VICTORY HORSE CLUB





- മാംസപേശികളുടെ ബലവും കാര്യക്ഷമതയും വർദ്ധിയ്ക്കുന്നു.
- മാംസപേരികലേയ്ക്കും ആന്തരികാവങ്ങളിലേക്കും ഉൾപ്പെടെ ശരീത്തിലെ എല്ലാ ഭാഗങ്ങളിലേക്കും രക്തസഞ്ചാരം വർദ്ധിയ്ക്കുന്നു.
- ആന്തരികവയവങ്ങൾ, ഗ്രന്ഥികൾ സന്ധികൾ, നാഡികൾ ഞരമ്പുകൾ എന്നിവയക്ക് ശരിയായ വ്യായാമം കിട്ടുന്നതുവഴി ഇവയുടെ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുന്നു
- ശരീരത്തിന് മൊത്തം ഒരു ഭാരരാഹിത്യം അനുഭവപ്പെടുന്നു
- ശരീരത്തിലെ അമിതകൊഴുപ്പ് നീക്കി യീറ്വവെമുല നില നിർത്തുന്നു
- ഏകാഗ്രത ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു

## OPEN GYM

## OFF ROAD ATV DRIVING

## PARAGLIDING

## CHILDRENS PARK





VICTORY HORSE CLUB

NEVER MISS A CHANCE TO RIDE

പ്രായം വ്യാത്തിയസമില്ലാതെ ഒരെ പോലെ

# വിസ്മയിക്കാൻ

## ഇതാ നിങ്ങളുടെ മുന്നിൽ

**Open GYM, Childrens Park**

9/366, Kinavallor, Parli, Palakkad - 678612, e-mail: victoryhorseclub123@gmail.com

Ph: 95399982632, 7025322007

# കൊവിഡ് വാക്സിനേഷൻ പരിപാടിയുമായി ടുക്സി




കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഓൺലൈൻ ഓട്ടോറിക്ഷാ ബുക്കിംഗ് പ്ലാറ്റ്ഫോമായ ടുക്സി തങ്ങളുടെ ഡ്രൈവർ പങ്കാളികൾക്കായി സൗജന്യ വാക്സിനേഷൻ പരിപാടി സംഘടിപ്പിച്ചു. റിനൈ മെഡിസിറ്റിയുമായി സഹകരിച്ച് നടത്തിയ പരിപാടിയിൽ ടുക്സിയുടെ നൂറോളം ഡ്രൈവർമാർ കൊവിഡ് പ്രതിരോധ വാക്സിൻ സ്വീകരിച്ചു.

നിലവിലെ കൊവിഡ് 19 സാഹചര്യത്തിൽ നിന്ന് തങ്ങളുടെ ഡ്രൈവർമാരുടെയും ഉപയോക്താക്കളുടെയും ആരോഗ്യവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനാണ് ശ്രമിക്കുന്നതെന്ന് ടുക്സി പ്രതിനിധി അർജുൻ തമ്പി പറഞ്ഞു. വാക്സിനേഷൻ സൗകര്യം എല്ലാവരും പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

കൊവിഡ് മഹാമാരി മൂലം ദുരിതമനുഭവിക്കുന്നവർക്കായി ഈയിടെ 25,000 ഭക്ഷണ പാക്കറ്റുകളും 4,000 ത്തിലധികം അവശ്യ കിറ്റുകളും ടുക്സി എത്തിച്ചിരുന്നു. കൊച്ചി കോർപ്പറേഷനുമായി സഹകരിച്ചാണ് സഹായഹസ്തം നീട്ടിയത്. ആവശ്യമുള്ള ഡ്രൈവർമാർക്ക് ടുക്സി വൈദ്യസഹായം വാഗ്ദാനം ചെയ്യുന്നു. മാത്രമല്ല, കൊവിഡ് രോഗികളെ ഗതാഗതത്തിന് സഹായിക്കുന്ന ഡ്രൈവർമാർക്ക് പ്രത്യേക സാമ്പത്തിക സഹായവും ടുക്സി നൽകിവരുന്നു.




**ടുക്സിയുടെ നൂറോളം ഡ്രൈവർമാർ കൊവിഡ് പ്രതിരോധ വാക്സിൻ സ്വീകരിച്ചു**



# ആപെ എച്ച്ടി ശ്രേണിയിൽ
## 300 സിസി വാഹനങ്ങളുമായി പിയാജിയോ

ഇന്ത്യൻ വിപണിയിൽ പിയാജിയോ വെഹിക്കിൾസ് തങ്ങളുടെ ആപെ എച്ച്ടി ശ്രേണിയിൽ 300 സിസി പെട്രോൾ, സിഎൻജി ഓട്ടോറിക്ഷകളും ചരക്ക് വാഹനങ്ങളും അവതരിപ്പിച്ചു. പെട്രോൾ ഉപയോഗിക്കുന്ന ആപെ എക്സ്ട്രാ എച്ച്ടി, സിഎൻജി ഉപയോഗിക്കുന്ന ആപെ എക്സ്ട്രാ എച്ച്ടി, ആപെ എക്സ്ട്രാ എച്ച്ടി എൽഡിഎക്സ് എന്നീ ചരക്ക് വാഹനങ്ങളും സിഎൻജി ഉപയോഗിക്കുന്ന ആപെ ഓട്ടോ എച്ച്ടി ഡിഎക്സ്, ആപെ ഓട്ടോ എച്ച്ടി ഡിഎക്സ്എൽ, ആപെ ഓട്ടോ എച്ച്ടി എന്നീ യാത്രാ വാഹനങ്ങളുമാണ് എച്ച്ടി ശ്രേണിയിൽ ഉൾപ്പെടുന്നത്. ആപെ എക്സ്ട്രാ എച്ച്ടി പെട്രോൾ (കാർഗോ) മോഡലിന് 2,24,942 രൂപയും ആപെ എക്സ്ട്രാ എച്ച്ടി സിഎൻജി (കാർഗോ) മോഡലിന് 2,45,642 രൂപയും ആപെ ഓട്ടോ എച്ച്ടി ഡിഎക്സ് സിഎൻജി (പാസഞ്ചർ) മോഡലിന് 2,55,980 രൂപയുമാണ് പുണെ എക്സ് ഷോറൂം വില.

**പെട്രോൾ, സിഎൻജി ഓട്ടോറിക്ഷ കളും ചരക്ക് വാഹനങ്ങളും അവതരിപ്പിച്ചു**

കൂടുതൽ കരുത്തും ടോർക്കും ആഗ്രഹിക്കുന്നവർക്കായി ഇറ്റലിയിലെ മാതൃ സ്ഥാപനത്തിന്റെ സഹകരണത്തോടെ തദ്ദേശീയമായി രൂപകൽപ്പന ചെയ്തതാണ് എച്ച്ടി ശ്രേണിയിലെ വാട്ടർ കൂൾഡ് 300 സിസി എൻജിനെന്ന് പിയാജിയോ വെഹിക്കിൾസ് ഇന്ത്യ മാനേജിംഗ് ഡയറക്റ്റർ ഡിയാഗോ ഗ്രാഫി പറഞ്ഞു. മികച്ച ഡ്രൈവിംഗ് അനുഭവം നൽകുന്ന ഈ വാഹനങ്ങൾ തീരെ കുറഞ്ഞ ശബ്ദം മാത്രമാണ് സൃഷ്ടിക്കുന്നത്. വാഹനം ഓടുമ്പോൾ കാര്യമായ കുലുക്കം അനുഭവപ്പെടില്ല. ഉപയോക്താക്കളുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്ത് രൂപകൽപ്പന ചെയ്തതാണ് പുതിയ ഉൽപ്പന്നങ്ങൾ. ഇന്ത്യൻ വിപണിയിൽ എച്ച്ടി ശ്രേണി അവതരിപ്പിക്കുന്നതുവഴി ബദൽ ഇന്ധന മേഖലയിൽ നില കൂടുതൽ ഭദ്രമാക്കുകയാണ് ലക്ഷ്യമെന്ന് ഡിയാഗോ ഗ്രാഫി പ്രസ്താവിച്ചു.

മൂന്നുചക്ര ചരക്ക് വാഹനങ്ങളുടെ വിഭാഗത്തിൽ പെട്രോൾ മോഡൽ ലഭ്യമാക്കുന്ന ഏക കമ്പനിയാണ് തങ്ങളെന്ന് പിയാജിയോ വൈസ് പ്രസിഡന്റും വാണിജ്യ വാഹന വിഭാഗം തലവനുമായ സാജു നായർ പറഞ്ഞു. ബദൽ ഇന്ധന വിഭാഗത്തിൽ ഇത്രയധികം ശേഷിയുള്ള എൻജിൻ അവതരിപ്പിക്കുന്നതും ഇതാദ്യമാണ്. വിലക്കുറവിൽ വാഹനം സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർക്ക് അനുയോജ്യമാണ് പെട്രോൾ മോഡൽ. എച്ച്ടി പെട്രോൾ ഓട്ടോറിക്ഷയും വരും മാസങ്ങളിൽ വിപണിയിലെത്തിക്കും. കൂടുതൽ കരുത്ത്, മികച്ച ശേഷി, ഇന്ധന ലാഭം, കുറഞ്ഞ പ്രവർത്തനച്ചെലവ് എന്നിവ കാരണം സിഎൻജി വാഹന ഉടമകൾക്ക് നല്ല വരുമാന വർധന പ്രതീക്ഷിക്കാൻ കഴിയും. ഡ്രൈവിംഗ് അനായാസമാക്കുന്നതിനു പുറമെ ദീർഘകാലം (30,000 കിലോമീറ്റർ വരെ) നില നിൽക്കുന്നതുമാണ് പുതിയ അലുമിനിയം ക്ലച്ച്.

5 അടി, 5.5 അടി, 6 അടി എന്നീ ഡക്ക് ലെംഗ്ത്തുകളിലായി മൂന്ന് വേരിയന്റുകളിൽ എച്ച്ടി ചരക്ക് വാഹനങ്ങൾ ലഭിക്കും. എച്ച്ടി പെട്രോൾ വാഹനങ്ങൾക്ക് 5 വർഷം അല്ലെങ്കിൽ 1.5 ലക്ഷം കിലോമീറ്റർ വരെ, സിഎൻജി മോഡലുകൾക്ക് 3 വർഷം അല്ലെങ്കിൽ ഒരു ലക്ഷം കിലോമീറ്റർ വരെ വാറന്റി ലഭിക്കും. ആറ് സൗജന്യ സർവീസുകളും ഉണ്ടായിരിക്കും.







## പത്ത് ലക്ഷം രൂപയിൽ താഴെ വില വരുന്ന ഏഴ്

# സൺറൂഫ് കാറുകൾ

താങ്ങാവുന്ന വില, സമൃദ്ധമായ ഫീച്ചറുകൾ എന്നീ രണ്ട് ഘടകങ്ങളാണ് കാറുകൾ വാങ്ങുമ്പോൾ ഉപയോക്താക്കൾ പ്രധാനമായും പരിഗണിക്കുന്നതെന്ന് രാജ്യത്തെ വാഹന നിർമാതാക്കൾ ഇതിനകം മനസിലാക്കിയ കാര്യമാണ്. ഉപയോക്താക്കളുടെ ഈ ആവശ്യകതകൾ നിറവേറ്റുന്നതിനായി വാഹന നിർമാതാക്കൾ കഴിഞ്ഞ കുറേ വർഷങ്ങളായി വലിയ പരിശ്രമങ്ങളാണ് നടത്തുന്നത്. ഇന്ത്യൻ കാർ വിപണിയിൽ നിലവിൽ ആകർഷകമായ ചില ഉൽപ്പന്നങ്ങൾ ലഭ്യമാണ്. ഈ കാറുകൾ പ്രീമിയം നിലവാരം പുലർത്തുന്നതും ഉപയോക്താക്കൾ ആഗ്രഹിക്കുന്ന ഫീച്ചറുകൾ നൽകിയതുമാണ്. മാത്രമല്ല കീശയ്ക്ക് ഇണങ്ങുന്നതുമാണ്.

ജനങ്ങൾ ആഗ്രഹിക്കുന്ന സവിശേഷതകളുടെ കാര്യം പറയുമ്പോൾ, എല്ലാ സെഗ്മെന്റുകളിലും ഉപയോക്താക്കൾ ഏറ്റവുമധികം തെരയുന്നത് സൺറൂഫിന്റെ ലഭ്യതയാണ്. സൺറൂഫ് എന്ന ഫീച്ചർ നേരത്തെ പ്രീമിയം കാറുകളിൽ മാത്രമായിരുന്നു ലഭിച്ചിരുന്നത്. എന്നാൽ ഇപ്പോൾ താങ്ങാവുന്ന കാറുകളിലും സൺറൂഫ് കാണാൻ കഴിയും. ഇത്തരം കാറുകളുടെ വിപുലമായ നിര തന്നെ ലഭ്യമാണ്. പത്ത് ലക്ഷം രൂപയിൽ താഴെ ഡെൽഹി എക്സ് ഷോറൂം വില വരുന്നതും സൺറൂഫ് നൽകിയതുമായ ഏഴ് ടോപ് കാറുകൾ ഏതെല്ലാമെന്ന് നോക്കാം.

### ടാറ്റ നെക്സോൺ
എക്സ്എം (എസ്)

സൺറൂഫ് ലഭിച്ചവയിൽ ഏറ്റവും കുറഞ്ഞ വില നൽകി വാങ്ങാവുന്ന കാറാണ് പെട്രോൾ കരുത്തേകുന്ന ടാറ്റ നെക്സോൺ എക്സ്എം (എസ്) വേരിയന്റ്. റെയ്ൻ സെൻസിംഗ് വൈപ്പറുകൾ, ഓട്ടോ ഹെഡ്ലാംപുകൾ, ഓട്ടോ ഫോൾഡിംഗ് റിയർവ്യൂ കണ്ണാടികൾ, നാല് സ്പീക്കറുകൾ സഹിതം ഹാർമൻ സൗണ്ട് സിസ്റ്റം എന്നിവ ഈ മിഡ് സ്പെക് മോഡലിന്റെ സവിശേഷതകളാണ്. പെട്രോൾ മാന്വൽ വേരിയന്റിന് 8.67 ലക്ഷം രൂപയാണ് വില.



## ഹോണ്ട ജാസ്
### സെഡ്എക്സ്




വൺ ടച്ച് ഇലക്ട്രിക് സൺറൂഫ്, സ്ഥലസൗകര്യമുള്ള കാബിൻ, 354 ലിറ്റർ കാർഗോ സ്പേസ് എന്നിവ ഈ പ്രീമിയം ഹാച്ച്ബാക്കിന്റെ സവിശേഷതകളാണ്. പുതിയ സോഫ്റ്റ് ടച്ച്പാഡ് ഡാഷ്ബോർഡ്, ക്രൂസ് കൺട്രോൾ, ഓട്ടോ എസി സഹിതം ടച്ച്സ്ക്രീൻ കൺട്രോൾ പാനൽ, ടെലിഫോണി ആൻഡ് വോയ്സ് കൺട്രോളുകൾ, പാഡിൽ ഷിഫ്റ്ററുകൾ (സിവിടി വേരിയന്റുകളിൽ മാത്രം), ഡിജിപാഡ് 2.0, 7 ഇഞ്ച് ഇൻഫൊടെയ്ൻമെന്റ് സിസ്റ്റം എന്നിവ മറ്റ് ഫീച്ചറുകളാണ്. വില 8.89 ലക്ഷം രൂപ.

## ഹ്യുണ്ടായ് ഐ20
### ആസ്റ്റ (ഒ)



ഇലക്ട്രിക് സൺറൂഫ് സഹിതമാണ് പുതു തലമുറ ഹ്യുണ്ടായ് ഐ20യുടെ ആസ്റ്റ (ഒ) വേരിയന്റ് വരുന്നത്. പകുതി ഡിജിറ്റലായ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ, ആറ് വരെ എയർ ബാഗുകൾ, ഐസോഫിക്സ് ചൈൽഡ് സീറ്റ് മൗണ്ടുകൾ, ബ്ലൂലിങ്ക് കണക്റ്റഡ് കാർ ടെക് എന്നിവ സവിശേഷതകളാണ്. വില 9.33 ലക്ഷം രൂപ

## ഹോണ്ട ഡബ്ല്യുആർ-വി
### വിഎക്സ് പെട്രോൾ




മെച്ചപ്പെടുത്തിയ എക്സ്റ്റീരിയർ സ്റ്റൈലിംഗ്, സമൃദ്ധമായ ഇന്റീരിയർ, ബിഎസ് 6 പാലിക്കുന്ന പെട്രോൾ, ഡീസൽ എൻജിനുകൾ എന്നിവയിൽ അഭിമാനിക്കുന്നവനാണ് ഹോണ്ടയുടെ കോംപാക്റ്റ് എസ് യുവിയായ ഡബ്ല്യുആർ വി. സ്വന്തം സെഗ്മെന്റിൽ സൺറൂഫ് ലഭിച്ച ആദ്യ കാറാണ് ഹോണ്ട ഡബ്ല്യുആർ വി. സ്ഥലസൗകര്യമുള്ള കാബിൻ, എൽഇഡി ഹെഡ്ലാംപുകൾ, എൽഇഡി ഫോഗ് ലാംപുകൾ, പിറകിൽ വൈപ്പർ ആൻഡ് വാഷർ, കീലെസ് എൻട്രി, പുഷ് ബട്ടൺ സ്റ്റാർട്ട്/സ്റ്റോപ്പ്, ക്രൂസ് കൺട്രോൾ, 7 ഇഞ്ച് ഇൻഫൊടെയ്ൻമെന്റ് സിസ്റ്റം, സ്റ്റിയറിംഗ് മൗണ്ടഡ് കൺട്രോളുകൾ തുടങ്ങിയവ ഈ പ്രീമിയം സ്പോർട്ടി ലൈഫ്സ്റ്റൈൽ വാഹനത്തിന്റെ മറ്റ് ഫീച്ചറുകളാണ്. വില 9.75 ലക്ഷം രൂപ.

## മഹീന്ദ്ര എക്സ്യുവി 300
### ഡബ്ല്യു6



ഈ വർഷമാദ്യം പുറത്തിറക്കിയ മഹീന്ദ്ര എക്സ്യുവി300 ഡബ്ല്യു6 എസ്യുവിയുടെ ബേസ് വേരിയന്റ് ഒഴികെ മറ്റെല്ലാ വേരിയന്റുകളിലും സൺ റൂഫ് നൽകിയിരിക്കുന്നു. പുതു തലമുറ ഉപയോക്താക്കൾ ആഗ്രഹിക്കുന്ന ജനപ്രിയ ഫീച്ചറുകളുടെ നീണ്ട നിരയുമായാണ് ഈ കാർ വരുന്നത്. ബേസ് വേരിയന്റിന് പിറകിൽ ഡിസ്ക് ബ്രേക്കുകൾ നൽകി. കണക്റ്റഡ് കാർ ഫീച്ചറുകൾ, ഏഴ് എയർബാഗുകൾ, ഹിൽ സ്റ്റാർട്ട് അസിസ്റ്റ്, മുന്നിൽ പാർക്കിംഗ് സെൻസറുകൾ എന്നിവ ലഭിച്ചതാണ് ടോപ് സ്പെക് വേരിയന്റ്. വില 9.77 ലക്ഷം രൂപ.


ONAM SHOPPING FESTIVAL
ROYAL® HYPERMARKET
ENJOY THE ROYAL SHOPPING
ബ്രാന്റെഡ് ഹോം അപ്ലയൻസുകൾ
മറ്റാർക്കും നല്കാനാവാത്ത വിലക്കുറവിൽ...
ഈ ഓഫറുകൾ ഓഗസ്റ്റ് 31 വരെ
₹2575 ₹ 1099
Onix 4pic Set
₹735 ₹ 299
Appachaty
₹3500 ₹ 1999
Maccoy Mixer Grinder (500W)
₹4495 ₹ 2799
Maccoy Mixer Grinder (750W)
₹5763 ₹ 3999
Butterfly Cyclone (750W)
Thermal Cooker
1kg ₹1720 ₹ 1299
impex
Biryani Pot
10 Ltr ₹3410 ₹ 1799
Pigeon Induction
₹3195 ₹ 1799
Blue Berry Table Top Grinder
₹4990 ₹ 2995
impex
5 LITRES CAPACITY
5Ltr ₹1410 ₹ 999
Pressure Cooker
Pigeon
3Ltr ₹1295 ₹ 699
Blue Berry Combo Cooker
5+3 ₹2650 ₹ 1499
stainless steel cooker
5 ltr ₹2790 ₹ 1599
stainless steel cooker
3 ltr ₹2190 ₹ 1299
Whirlpool Side By Side
₹80,150 ₹ 59990
Panasonic Side By Side
₹90,000 ₹ 59990
LLOYD Double door
252 Ltr ₹29990 ₹ 19990
impex Washing Machine Front Load
₹27990 ₹ 19990
impex Washing Machine Top Load
6Kg ₹21990 ₹ 12990
Onix
32 Inch ₹24690 ₹ 12990
32 Inch Smart ₹19990 ₹ 14990
LLOYD
32 Inch ₹21990 ₹ 15990
impex
65 Inch Smart ₹129090 ₹ 64990
2 Year Warranty
*Product images are for illustrative purposes only.*
ഓൺലൈനായി വീഡിയോ കോളിലൂടെ ഹോം അപ്ലയൻസുകൾ
എടുക്കാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്
9698 300 400
BAJAJ FINSERV EMI
“പലിശരഹിത വായ്പ”
ഗൃഹോപകരണങ്ങൾ തവണ വ്യവസ്ഥയിൽ


ROYAL® HYPER MARKET
ഈ ഓഫറുകൾ ഓഗസ്റ്റ് 31 വരെ
ONAM SHOPPING FESTIVAL
MR. Gas Stove 2 burner ₹3600 ₹ 1999
MR. Gas Stove 3 burner ₹2575 ₹ 2499
Iron Box ₹1360 750 w ₹ 899
Iron Box Dzire ₹900 ₹ 499
Oven ₹5795 20 Ltr ₹ 4990
Cello Dinner Set ₹2195 22 Pcs ₹ 1299
Familia Glass Set ₹ 335 6 Pcs ₹ 249
impex
Cofee Mug ₹335 6 Pcs ₹ 249
impex
E Kettle ₹1460 1.8 LTR ₹ 699
Scarlett Hand Mixer ₹750 ₹ 449
Onix Trimmer ₹990 ₹ 499
LED Bulb ₹159 ₹ 69
Buy 3 Choco Fills & Get 1 Coffee Fills FREE
1 Ton 3Star Inverter ₹44990 ₹ 26990
ceiling fan Edge ₹1549 ₹ 999
Sanitary Pads BUY 2 GET 1 FREE
Baby Diaper Pants ₹699 ₹ 549
LG 1 Ton 3Star Inverter ₹56990 ₹ 28990
Blue Berry Pedastal fan ₹2790 ₹ 1995
Iva Dishwash BUY 1 GET 1 FREE
UNIBIC Cookies 50% OFF
1 Ton 3Star Inverter ₹42000 ₹ 22990
Saffola Oats BUY 1 GET 1 FREE
cafe royal
Fresh Fruit Milk Juices
*All inclusive of GST & Kerala flood Cess*
*Product images are for illustrative purposes only*
OTTAPALAM
MOB: 9698 300 400
Follow us royal hypermarket
ഫ്രീ ഹോം
ഡെലിവെറിക്കായി വിളിക്കൂ
9698 300 400
വിവാഹ സദ്യകൾക്ക് ആവശ്യമായ പലചരക്ക്
ബിരിയാണി അരി, മസാലകൾ,
പച്ചക്കറികൾ തുടങ്ങിയവ
ഹോൾസെയിൽ വിലയിൽ ഓർഡർ പ്രകാരം
എത്തിച്ചു തരുന്നതാണ്..

സൺറൂഫ് ലഭിച്ചതാണ് ഫോഡ് ഇക്കോസ്പോർട്ട് എസ്‌യുവിയുടെ ടൈറ്റാനിയം വേരിയന്റ്. 1.5 ലിറ്റർ പെട്രോൾ, ഡീസൽ ഓപ്ഷനുകളിൽ ലഭിക്കുന്ന ഫോഡ് ഇക്കോസ്പോർട്ട് ടൈറ്റാനിയം വേരിയന്റുകളുടെ വില പത്ത് ലക്ഷം രൂപയിൽ താഴെയാണ്. സൺറൂഫ് കൂടാതെ ഓട്ടോമാറ്റിക് എസി, റിയർവ്യൂ കാമറ, 9 ഇഞ്ച് ടച്ച്സ്ക്രീൻ ഇൻഫൊടെയ്ൻമെന്റ് സിസ്റ്റം (ഈ വേരിയന്റിൽ ആപ്പിൾ കാർപ്ലേ, ആൻഡ്രോയ്ഡ് ഓട്ടോ നൽകിയില്ല), എൽഇഡി ഡേടൈം റണ്ണിംഗ് ലൈറ്റുകൾ സഹിതം ഹാലോജൻ പ്രൊജക്റ്റർ ഹെഡ്‌ലാംപുകൾ എന്നീ ഫീച്ചറുകളും ലഭിച്ചു. പെട്രോൾ വേരിയന്റിന് 9.99 ലക്ഷം രൂപയാണ് വില.

## ഫോഡ് ഇക്കോസ്പോർട്ട്
ടൈറ്റാനിയം



## ഹ്യുണ്ടായ് വെന്യൂ
എസ്എക്സ് ടർബോ പെട്രോൾ



കിയ സോണറ്റ് പോലെ, ലൈറ്റർ ഇന്റീരിയർ ലഭിച്ച സ്പോർട്ട് വേരിയന്റിനായി ഉപയോക്താക്കൾക്ക് 70,000 രൂപ അധികം ചെലവഴിക്കേണ്ടിവരും. ഡീസൽ എൻജിൻ, 6 സ്പീഡ് മാന്വൽ ഗിയർബോക്സ് കൂട്ടുകെട്ടിൽ ഓടുന്നതും സൺറൂഫ് ലഭിച്ചതുമായ ഹ്യുണ്ടായ് വെന്യൂ എസ്എക്സ് വേരിയന്റിന് 9.99 ലക്ഷം രൂപയാണ് വില.

# രാജ്യമെങ്ങും ഇവി ലഭ്യമാക്കുന്നതിന്
## രൂപരേഖയുമായി ഹീറോ ഇലക്ട്രിക്

രാജ്യത്തെ വിവിധ ഡീലർഷിപ്പുകളിലേക്ക് കൂടുതൽ എളുപ്പത്തിലും വേഗത്തിലും എത്തിച്ചേരുന്നതിന് വെയർഹൗസുകൾ സ്ഥാപിച്ച് സാന്നിധ്യം വർധിപ്പിക്കാനുള്ള പദ്ധതികൾ ഹീറോ ഇലക്ട്രിക് ആരംഭിച്ചു. ഇന്ത്യയിലെ ഒന്ന്, രണ്ട്, മൂന്ന്, നാല് ശ്രേണീ നഗരങ്ങളിലായി 600 ലധികം ഡീലർഷിപ്പുകളാണ് ഹീറോ ഇലക്ട്രിക്കിന് കീഴിൽ പ്രവർത്തിക്കുന്നത്. ലുധിയാനയിലെ പ്ലാന്റിൽ നിലവിൽ പ്രതിവർഷം 70,000 വാഹനങ്ങളാണ് നിർമിക്കുന്നത്. ഈ ഉൽപ്പാദനശേഷി 2.5 ലക്ഷമായി വർധിപ്പിക്കുന്നതിന് പ്ലാന്റ് വിപുലീകരിക്കാൻ രാജ്യത്തെ ഏറ്റവും വലിയ ഇലക്ട്രിക് ഇരുചക്രവാഹന നിർമാതാക്കൾ പദ്ധതിയിടുന്നു.




**ഉൽപ്പാദന ശേഷി 2.5 ലക്ഷമായി വർധിപ്പിക്കുന്നതിന് പ്ലാന്റ് വിപുലീകരിക്കും**

രാജ്യത്ത് ഗ്രീൻ മൊബിലിറ്റിയുടെ വേഗം വർധിപ്പിക്കുന്നതിനാണ് ഹീറോ ഇലക്ട്രിക് ലക്ഷ്യമിടുന്നത്. ഇന്ത്യയിലെ ഇലക്ട്രിക് ഇരുചക്രവാഹന വ്യവസായം അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഇരട്ട അക്ക വളർച്ച കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. രാജ്യത്ത് ഇതുവരെ ഏകദേശം മൂന്ന് ലക്ഷം ഇലക്ട്രിക് ഇരുചക്ര വാഹനങ്ങളാണ് ഹീറോ ഇലക്ട്രിക് വിറ്റഴിച്ചത്. കഴിഞ്ഞ പതിമൂന്ന് വർഷമായി സുസ്ഥിര യാത്രാ ബദൽ അവതരിപ്പിച്ചുവരുന്നു. ഇന്ത്യയിൽ ഇലക്ട്രിക് വാഹന വിപണി വികസിപ്പിച്ചെടുക്കുന്നതിൽ സുപ്രധാന പങ്കാണ് ഹീറോ ഇലക്ട്രിക് വഹിച്ചത്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിന് ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി നൽകുന്ന പ്രമുഖ സ്റ്റാർട്ട്അപ്പുകളുമായി ഹീറോ ഇലക്ട്രിക് ഇതിനകം പങ്കാളിത്തം സ്ഥാപിച്ചു. പുതിയ പങ്കാളിത്തങ്ങളിൽ ഏർപ്പെടുന്നത് തുടരുകയും ചെയ്യുന്നു.

മഹാമാരിയുടെ കാലത്ത് ഡീലർമാരുമായി ചേർന്ന് ഹൈബ്രിഡ് വിൽപ്പന രീതി തുടങ്ങുന്നതിലും ഹീറോ ഇലക്ട്രിക് മടിച്ചുനിന്നില്ല. ടെസ്റ്റ് റൈഡ് നടത്തുന്നതിനും വാങ്ങുന്നതിനും ഉപയോക്താക്കൾക്ക് ഓൺലൈനിൽ ബുക്ക് ചെയ്യാം. ക്ലീൻ, ഗ്രീൻ മൊബിലിറ്റിയിലേക്ക് മാറാൻ ആഗ്രഹിക്കുന്നവർക്ക് തങ്ങളുടെ സ്കൂട്ടറുകൾ ഏറ്റവും അനുയോജ്യമാണെന്ന് ഹീറോ ഇലക്ട്രിക് പ്രസ്താവിച്ചു. ലൈറ്റ്വെയ്റ്റ് മുതൽ സിറ്റി സ്പീഡ്, അതിവേഗ പെർഫോമൻസ് സ്കൂട്ടറുകൾ വരെ ലഭ്യമാണ്.

# വൈറ്റിലയിൽ ബെനെല്ലി ഷോറൂം തുറന്നു

എറണാകുളം വൈറ്റിലയിൽ ബെനെല്ലി പുതിയ ഷോറൂം തുറന്നു. ഇന്ത്യയിൽ ഇറ്റാലിയൻ ഇരുചക്രവാഹന നിർമാതാക്കളുടെ 43 ാമത് ഷോറൂം വൈറ്റില സർവീസ് റോഡിലാണ് പ്രവർത്തനമാരംഭിച്ചത്. ജബഖ് ഓട്ടോ പ്രൈവറ്റ് ലിമിറ്റഡാണ് ഡീലർ പാർട്ണർ. മഹാവീർ ഗ്രൂപ്പിന് കീഴിലെ ആദീശ്വർ ഓട്ടോ റൈഡ് ഇന്ത്യയുമായി ചേർന്നാണ് ഇന്ത്യയിൽ ബെനെല്ലി പ്രവർത്തിക്കുന്നത്.




ഇംപിരിയാലെ 400, ലിയോൺചിനോ 500, ടിആർകെ 502, ടിആർകെ 502എക്സ്, ഈയിടെ അവതരിപ്പിച്ച 502സി എന്നിവ ഉൾപ്പെടെ ഇന്ത്യയിൽ ബെനെല്ലിയുടെ മുഴുവൻ ബിഎസ് 6 ബൈക്കുകളും ഈ ഡീലർഷിപ്പിൽ പ്രദർശിപ്പിക്കും. വിവിധ മോഡലുകളുമായി ബന്ധപ്പെട്ട ഔദ്യോഗിക ഉൽപ്പന്നങ്ങളും ആക്സസറികളും ഷോറൂമിൽ ലഭ്യമായിരിക്കും.

ഇംപിരിയാലെ 400 മോട്ടോർസൈക്കിളിന് 1,93,799 രൂപ മുതൽ 1,97,975 രൂപ വരെയും ലിയോൺചിനോ 500 മോട്ടോർസൈക്കിളിന് 4,79,900 മുതൽ 4,89,901 രൂപ വരെയും ടിആർകെ 502 മോട്ടോർസൈക്കിളിന് 4,95,901 രൂപ മുതൽ 5,05,902 രൂപ വരെയും ടിആർകെ 502എക്സ് മോട്ടോർസൈക്കിളിന് 5,35,901 രൂപ മുതൽ 5,45,901 രൂപ വരെയും 502സി ക്രൂസറിന് 5,08,800 രൂപ മുതൽ 5,20,801 രൂപ വരെയുമാണ് കേരള എക്സ് ഷോറൂം വില.

വിൽപ്പന, സർവീസ് കാര്യങ്ങളിൽ മികച്ച ഉപഭോക്തൃ അനുഭവം ലഭ്യമാക്കുന്നതിന് വൈറ്റില ഷോറൂം ജീവനക്കാർക്ക് പരിശീലനം നൽകിയതായി ബെനെല്ലി ഇന്ത്യ മാനേജിംഗ് ഡയറക്റ്റർ വികാസ് ജബഖ് പറഞ്ഞു. വൈറ്റിലയിൽ ബെനെല്ലി കൊണ്ടുവരുന്നതിൽ തങ്ങൾ ആവേശഭരിതരാണെന്ന് ബെനെല്ലി വൈറ്റില ഡീലർ പ്രിൻസിപ്പൽ വരുൺ ജബഖ് പ്രസ്താവിച്ചു. പ്രാദേശിക മോട്ടോർസൈക്കിൾ പ്രേമികളുടെയും റൈഡർ കമ്യൂണിറ്റികളുടെയും സ്വപ്നങ്ങൾ നിറവേറ്റാനാണ് വൈറ്റിലയിലെ ബെനെല്ലി ഷോറൂമിലൂടെ ആഗ്രഹിക്കുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# റെനോ കൈഗർ ആർഎക്സ്ടി (ഒ) വേരിയന്റ് അവതരിപ്പിച്ചു

റെനോ കൈഗർ എസ്‌യുവിയുടെ ആർഎക്സ്ടി (ഒ) വേരിയന്റ് ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ചതിന്റെ പത്താം വാർഷികം റെനോ ഈയിടെ പൂർത്തിയാക്കിയിരുന്നു. ആഘോഷ പരിപാടികളുടെ ഭാഗമായാണ് സബ്കോംപാക്റ്റ് എസ്‌യുവിയുടെ പുതിയ വേരിയന്റ് പുറത്തിറക്കിയത്. ഓഗസ്റ്റ് ആറിന് ബുക്കിംഗ് ആരംഭിച്ചു.




'ട്രൈ ഒക്ടാ' എൽഇഡി 'പ്യുവർ വിഷൻ' ഹെഡ്‌ലൈറ്റുകൾ, 16 ഇഞ്ച് ഡയമണ്ട് കട്ട് അലോയ് വീലുകൾ തുടങ്ങി ചില പ്രീമിയം ഫീച്ചറുകൾ പുതിയ വേരിയന്റിന് ലഭിച്ചു. കൈഗറിന്റെ കൂടുതൽ വില വരുന്ന ആർഎക്സ്സെഡ് വേരിയന്റിൽ നിന്ന് കടമെടുത്തതാണ് ഈ പ്രീമിയം ഫീച്ചറുകൾ. കാബിൻ എയർ ശുദ്ധീകരിക്കുന്നതിന് പിഎം2.5 'അഡ്വാൻസ്ഡ് അറ്റ്മോസ്ഫെറിക്' എയർ ഫിൽറ്റർ പുതിയ വേരിയന്റിലെ മറ്റൊരു അധിക ഫീച്ചറാണ്. കൂടാതെ, 8 ഇഞ്ച് ടച്ച്സ്ക്രീൻ ഇൻഫൊടെയ്ൻമെന്റ് സിസ്റ്റത്തിൽ ഓരോരുത്തരുടെയും സ്മാർട്ട്ഫോൺ മിറർ ചെയ്യുന്നതിന് വയർലെസ് സ്മാർട്ട്ഫോൺ മിററിംഗ് ഫംഗ്ഷൻ ലഭിച്ചു.

1.0 ലിറ്റർ 'എനർജി' എൻജിനാണ് റെനോ കൈഗർ എസ്‌യുവിയുടെ പുതിയ വേരിയന്റ് ഉപയോഗിക്കുന്നത്. മാന്വൽ, ഓട്ടോമാറ്റിക് ഗിയർബോക്സ് ഓപ്ഷനുകളിൽ ലഭ്യമായിരിക്കും. ഇന്ത്യയിൽ ഫ്രഞ്ച് വാഹന നിർമാതാക്കളുടെ പുതിയ പ്രതീക്ഷയാണ് കൈഗർ. ഓരോ മാസവും മികച്ച വിൽപ്പനയാണ് നടക്കുന്നത്.

> **വിൽപ്പന വർധിപ്പിക്കുന്നതിനായി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും 'ഫ്രീഡം കാർണിവൽ'' എന്ന പേരിൽ റെനോ പ്രത്യേക ഓഫറുകൾ അവതരിപ്പിച്ചു.**

വിൽപ്പന വർധിപ്പിക്കുന്നതിനായി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും 'ഫ്രീഡം കാർണിവൽ' എന്ന പേരിൽ റെനോ പ്രത്യേക ഓഫറുകൾ അവതരിപ്പിച്ചു. കേരളത്തിൽ ഓണക്കാലത്ത് 'ഫ്രീഡം കാർണിവൽ' പ്രഖ്യാപിക്കും.

'ഇപ്പോൾ വാങ്ങുക, 2022 ൽ പണമടയ്ക്കുക' എന്ന പദ്ധതിയും റെനോ വാഗ്ദാനം ചെയ്യുന്നു. ഇതനുസരിച്ച് ക്വിഡ്, ട്രൈബർ, കൈഗർ എന്നീ മോഡലുകൾ വാങ്ങുമ്പോൾ വാങ്ങിയ തീയതി മുതൽ ആറ് മാസത്തിന് ശേഷം മാത്രം ഇഎംഐ അടച്ചു തുടങ്ങിയാൽ മതിയാകും.




# റോയൽ എൻഫീൽഡ് ഉടുപ്പുകൾ വിപണിയിൽ

അന്താരാഷ്ട്ര സൗഹൃദ ദിനത്തോടനുബന്ധിച്ച് ജാക്കറ്റ്, ടി ഷർട്ടുകൾ, ബാഗ്, ക്ലാസിക് 500 മോട്ടോർസൈക്കിളിന്റെ ലഘുരൂപം, ഹെൽമറ്റ് എന്നിവ റോയൽ എൻഫീൽഡ് ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. ഈ ഉൽപ്പന്നങ്ങൾ സുഹൃത്തുക്കൾക്ക് സമ്മാനിക്കാൻ കഴിയും.

ബൈക്ക് യാത്രയിൽ ധരിക്കാവുന്ന സ്ട്രീറ്റ്‌വിൻഡ് വി2 ജാക്കറ്റിന് 4950 രൂപയും സൈബർ ഫ്ളക്സ് എഒഎം ടി ഷർട്ടിന് 938 രൂപയും ന്യൂ മൂൺ എഒഎം ടി ഷർട്ടിന് 938 രൂപയും റൈഡ് ആസ് യൂ ആർ ടി ഷർട്ടിന് 540 രൂപയും മസ്താംഗ് ടി ഷർട്ടിന് 720 രൂപയും ഇക്കോ ടാക്റ്റിക്കൽ വെയ്സ്റ്റ് പൗച്ചിന് 1000 രൂപയും ക്ലാസിക് സ്ലിംഗ് ബാഗിന് 2400 രൂപയും ക്ലാസിക് 500 മോട്ടോർസൈക്കിളിന്റെ ലഘുരൂപത്തിന് 1200 രൂപയും കാർബൺ ഫൈബർ ഹെൽമറ്റിന് 7000 രൂപയുമാണ് വില.

# പൂർവാധികം ഭംഗിയോടെ

## പുതിയ ടാറ്റ ടിയാഗോ എൻആർജി

ടാറ്റ ടിയാഗോ എൻആർജി ഫേസ്‌ലിഫ്റ്റ് ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. മാന്വൽ വകഭേദത്തിന് 6.57 ലക്ഷം രൂപയും എഎംടി വകഭേദത്തിന് 7.09 ലക്ഷം രൂപയുമാണ് ഡെൽഹി എക്സ് ഷോറൂം വില. ഫോറസ്റ്റ് ഗ്രീൻ, ഫയർ റെഡ്, ക്ലൗഡി ഗ്രേ, സ്നോ വൈറ്റ് എന്നീ നാല് കളർ ഓപ്ഷനുകളിൽ ലഭിക്കും. കോൺട്രാസ്റ്റ് എന്ന നിലയിൽ ഈ നിറങ്ങളുടെ കൂടെ സ്റ്റാൻഡേഡായി കറുത്ത റൂഫ് നൽകി. മാരുതി സുസുകി സെലറിയോ എക്സ്, റെനോ ക്വിഡ് എന്നിവയാണ് എതിരാളികൾ.

> **മാന്വൽ വകഭേദത്തിന് 6.57 ലക്ഷം രൂപയും എഎംടി വകഭേദത്തിന് 7.09 ലക്ഷം രൂപയുമാണ് ഡെൽഹി എക്സ് ഷോറൂം വില**




2020 തുടക്കത്തിൽ വിപണിയിലെത്തിയ ടിയാഗോ ഫേസ്‌ലിഫ്റ്റ് അടിസ്ഥാനമാക്കിയാണ് പുതിയ ടിയാഗോ എൻആർജി നിർമിച്ചത്. ഹാച്ച്ബാക്കിന്റെ എല്ലാ ഫീച്ചറുകളും കൂടാതെ സൗന്ദര്യവർധക മെച്ചപ്പെടുത്തലുകളും ക്രോസ് ഹാച്ചിന് ലഭിച്ചു. പുതിയ ഗ്രിൽ, പുതിയ ഹെഡ്‌ലാംപുകൾ, വീൽ ആർച്ചുകൾക്കും ഡോർ സില്ലുകൾക്കും ചുറ്റും കട്ടിയുള്ള പ്ലാസ്റ്റിക് ബോഡി ക്ലാഡിംഗ് എന്നിവ ടാറ്റ ടിയാഗോ എൻആർജിയുടെ കാഴ്ച്ചാസംബന്ധിയായ പരിഷ്കാരങ്ങളിൽ ഉൾപ്പെടുന്നു. മുന്നിലും പിന്നിലും സിൽവർ സ്കിഡ് പ്ലേറ്റുകൾ കൂടാതെ റൂഫ്, പുറത്തെ റിയർ വ്യൂ കണ്ണാടികൾ, ഡോർ ഹാൻഡിലുകൾ, ഡി പില്ലർ, റൂഫ് റെയിലുകൾ എന്നിവയെല്ലാം കറുത്തതാണ്. ബൂട്ടിലെ ക്ലാഡിംഗ്, 15 ഇഞ്ച് ഡുവൽ ടോൺ അലോയ് വീലുകൾ എന്നിവ കൂടി ലഭിച്ചതോടെ ലുക്ക് പൂർത്തിയായി.

പുതിയ ടിയാഗോയുടെ കാബിൻ കൂടി പരിഷ്കരിച്ചു. കൂടുതൽ സ്പോർട്ടി ലുക്ക് ലഭിക്കുന്നതിന് ബ്ലാക്ക് ഫിനിഷ് നൽകി. ഗ്ലോസ് ബ്ലാക്ക് ഇൻസെർട്ടുകളും കാണാൻ കഴിയും. പുഷ് സ്റ്റാർട്ട്/സ്റ്റോപ്പ് ബട്ടൺ, കീലെസ് ബൂട്ട് ഓപ്പണിംഗ്, റിവേഴ്സ് കാമറ, ആപ്പിൾ കാർപ്ലേ, ആൻഡ്രോയ്ഡ് ഓട്ടോ കണക്റ്റിവിറ്റി സഹിതം 7 ഇഞ്ച് ടച്ച്സ്ക്രീൻ ഇൻഫൊടെയ്ൻമെന്റ് സിസ്റ്റം എന്നിവ ഫീച്ചറുകളാണ്. നാല് സ്പീക്കറുകളും നാല് ട്വീറ്ററുകളും ഉൾപ്പെടുന്ന ഹാർമൻ സൗണ്ട് സിസ്റ്റം ലഭിച്ചു.

ഒരു പെട്രോൾ എൻജിൻ ഓപ്ഷനിൽ മാത്രമായിരിക്കും പുതിയ ടിയാഗോ എൻആർജി ലഭിക്കുന്നത്. ടാറ്റ ടിയാഗോ ഉപയോഗിക്കുന്ന 1.2 ലിറ്റർ പെട്രോൾ എൻജിനാണ് ടാറ്റ ടിയാഗോ എൻആർജിയുടെ ഹൃദയം. ഈ മോട്ടോർ 84 ബിഎച്ച്പി കരുത്തും 113 എൻഎം ടോർക്കും പരമാവധി സൃഷ്ടിക്കും. 5 സ്പീഡ് മാന്വൽ, എഎംടി എന്നിവയാണ് ട്രാൻസ്മിഷൻ ഓപ്ഷനുകൾ. 181 മില്ലിമീറ്ററാണ് ഗ്രൗണ്ട് ക്ലിയറൻസ്. ടിയാഗോയുടെ 170 മില്ലിമീറ്ററിനേക്കാൾ അൽപ്പം കൂടുതൽ. ദുഷ്കരമായ റോഡുകൾ സുഗമമായി താണ്ടുന്നതിന് സസ്പെൻഷൻ മെച്ചപ്പെടുത്തി.

---

# ബാറ്ററി വാറന്റി ദീർഘിപ്പിക്കുന്നതായി ടൊയോട്ട

ഇന്ത്യയിൽ വിൽക്കുന്ന ഹൈബ്രിഡ് ഇലക്ട്രിക് വാഹനങ്ങളുടെ ബാറ്ററി വാറന്റി എട്ട് വർഷമായി ദീർഘിപ്പിക്കുന്നതായി ടൊയോട്ട കിർലോസ്കർ മോട്ടോർ (ടികെഎം) പ്രഖ്യാപിച്ചു. വാഹന വ്യവസായത്തിലെ ഏറ്റവും ദൈർഘ്യമേറിയ വാറന്റി കാലയളവാണ് ഇപ്പോൾ പ്രഖ്യാപിച്ചതെന്ന് പറയപ്പെടുന്നു. ലോക പ്രകൃതി സംരക്ഷണ ദിനത്തോടനുബന്ധിച്ചാണ് ടികെഎം ഈ പ്രഖ്യാപനം നടത്തിയത്. 2050 ഓടെ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുകയാണ് ലക്ഷ്യം.

ടൊയോട്ടയുടെ സെൽഫ് ചാർജിംഗ് ഹൈബ്രിഡ് ഇലക്ട്രിക് വാഹനങ്ങൾ (എസ്എച്ച്ഇവി) വാങ്ങുന്ന എല്ലാ ഉപയോക്താക്കൾക്കും പുതിയ പ്രഖ്യാപനം പ്രയോജനം ചെയ്യും. നിലവിൽ കാമ്രി ഹൈബ്രിഡ്, വെൽഫയർ എന്നീ രണ്ട് എസ്എച്ച്ഇവി




മോഡലുകളാണ് ടൊയോട്ട ഇന്ത്യയിൽ വിൽക്കുന്നത്. മൂന്ന് വർഷം അല്ലെങ്കിൽ 1,00,000 കിലോമീറ്ററാണ് ഈ വാഹനങ്ങളിലെ ബാറ്ററിയുടെ വാറന്റി. ഈ വാറന്റിയാണ് ഇപ്പോൾ ഓഗസ്റ്റ് ഒന്ന് മുതൽ വിൽക്കുന്ന എല്ലാ എസ്എച്ച്ഇവികൾക്കുമായി എട്ട് വർഷം അല്ലെങ്കിൽ 1,60,000 കിലോമീറ്ററായി (ഏതാണോ ആദ്യം വരുന്നത്) ദീർഘിപ്പിച്ചത്.

# ഓകെ ഗൂഗിൾ വോയ്സ് കമാൻഡ്
## ഫീച്ചറുമായി ഹോണ്ട സിറ്റി

ഹോണ്ട ആക്ഷൻ ഓൺ ഗൂഗിൾ' അവത രിപ്പിച്ചുകൊണ്ട് മെച്ചപ്പെടുത്തിയ 'ഹോണ്ട കണക്റ്റ്' ഹോണ്ട കാർസ് ഇന്ത്യ അവതരിപ്പിച്ചു. അഞ്ചാം തലമുറ ഹോണ്ട സിറ്റി യിൽ പുതിയ വേർഷൻ ലഭ്യ മായിരിക്കും. അലക്സ റിമോട്ട് ശേഷിയോടെയാണ് ഇതുവരെ ഹോണ്ട സിറ്റി ലഭിച്ചിരുന്നത്. 'ഓകെ ഗൂഗിൾ' വോയ്സ് കമാൻ ഡുകൾ ഉപയോഗിച്ച് പുതിയ ഗൂഗിൾ അസിസ്റ്റന്റുമായി ഇടപഴകാൻ പുതിയ അപ്ഡേറ്റ് ഉപയോക്താക്കളെ അനുവദി ക്കും. നിലവിലെ 32 ഫംഗ്ഷ നുകൾ കൂടാതെ ഇതോടൊപ്പം നാല് പുതിയ ഫംഗ്ഷനുകളും 'ഹോണ്ട കണക്റ്റ്' പ്ലാറ്റ്ഫോമിൽ കമ്പനി അവതരിപ്പിച്ചു.

പത്ത് വോയ്സ് അധിഷ്ഠിത ഫീച്ചറുകൾ ലഭ്യമാക്കുന്നതാണ് പ്രധാനമായും 'ഹോണ്ട ആക്ഷൻ ഓൺ ഗൂഗിൾ' ഫീച്ചർ. ഗൂഗിൾ നെസ്റ്റ് സ്പീക്കറുകൾ, ആൻ ഡ്രോയ്ഡ് ഫോണുകൾ തുടങ്ങി





ഗൂഗിൾ അസിസ്റ്റന്റുമായി ബന്ധ പ്പെട്ട ഡിവൈസുകളിലൂടെയും ഗൂഗിളിന്റെ ടെക്സ്റ്റ് അധിഷ്ഠിത കമാൻഡുകളിലൂടെയും പ്രവർ ത്തിപ്പിക്കാൻ കഴിയും. ഐഒഎ സ് ഡിവൈസുകളെയും സപ്പോർ ട്ട് ചെയ്യും.

എസി ഓൺ/ഓഫ് ചെയ്യുന്നതി നും താപനില ക്രമീകരിക്കുന്ന തിനും ഡോറുകൾ ലോക്ക്/അൺ ലോക്ക് ചെയ്യുന്നതിനും നിങ്ങളുടെ കാർ കണ്ടെത്തുന്ന തിനും വിദൂരമായി ബൂട്ട് തുറക്കുന്നതിനും ടയർ പ്രഷർ, ബാറ്ററി ചാർജ്, ഇന്ധന നില തുടങ്ങിയവ അറിയുന്നതിനും 'ഓകെ ഗൂഗിൾ' വോയ്സ് കമാൻഡുകൾ നൽകിയാൽ മതി.

ഇതോടൊപ്പം, വാലറ്റ് അലർട്ട്, ഫ്യൂവൽ ലോഗ് അനാലിസിസ്, കോസ്റ്റ് ഓഫ് മെയിന്റനൻസ് അനാലിസിസ്, എൻഹാൻസ്ഡ് ഓപ്ഷൻസ് ഫോർ സർവീസ് പ്രൊഡക്റ്റ്സ് എന്നീ നാല് പുതിയ ഫംഗ്ഷനുകളും ഹോണ്ട കണക്റ്റ് പ്ലാറ്റ്ഫോമിൽ അവതരിപ്പിച്ചു. ഇതോടെ കണക്റ്റഡ് ഫീച്ചറുകളുടെ ആകെ എണ്ണം 36 ആയി.

121 എച്ച്പി ഉൽപ്പാദിപ്പിക്കുന്ന 1.5 ലിറ്റർ പെട്രോൾ എൻജിൻ, 100 എച്ച്പി പുറപ്പെടുവിക്കുന്ന 1.5 ലിറ്റർ ഡീസൽ എൻജിൻ എന്നിവയാണ് അഞ്ചാം തലമുറ ഹോണ്ട സിറ്റിയുടെ എൻജിൻ ഓപ്ഷനുകൾ. രണ്ട് എൻജിനുകളുടെയും കൂട്ടായി 6 സ്പീഡ് മാന്വൽ ട്രാൻസ്മിഷൻ ലഭിക്കും. പെട്രോൾ എൻജിന്റെ ഓപ്ഷനായി സിവിടി ഓട്ടോമാറ്റിക് കൂടി ലഭ്യമാണ്.

---

# ഇന്ത്യയിൽ ജീപ്പ്, സിട്രോയെൻ
## ബ്രാൻഡുകൾക്ക് പുതിയ മേധാവികൾ

ഈ വർഷം ഏപ്രിൽ മാസത്തിലാണ് സ്റ്റെല്ലാന്റിസ് ഇന്ത്യയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും മാ നേജിംഗ് ഡയറക്റ്ററുമായി റോ ളണ്ട് ബൗച്ചാര നിയമിക്കപ്പെട്ടത്. ഇന്ത്യയിൽ കമ്പനിക്കുകീഴിലെ രണ്ട് പ്രധാന ബ്രാൻഡുകൾക്കാ യി പുതിയ നേതൃത്വം പ്രഖ്യാപ ിച്ചിരിക്കുകയാണ് ഇപ്പോൾ സ്റ്റെ ല്ലാന്റിസ്. ഫ്രഞ്ച് കാർ ബ്രാൻ ഡായ സിട്രോയെന്റെ ചുമതല വഹിക്കുന്നത്
സൗരഭ് വത്സ ആയിരിക്കും. അമേരിക്കൻ എസ്‌യുവി ബ്രാൻഡായ ജീപ്പിന്റെ ഉത്തരവാ ദിത്തം നിപുൺ ജെ മഹാജനാ യിരിക്കും. സൗരഭിനെയും നിപുണിനെയും ഇന്ത്യൻ നേതൃത്വത്തിലേക്ക് സ്വാഗതം ചെയ്യുന്നതായി റോളണ്ട് ബൗച്ചാര പറഞ്ഞു. ജൂൺ ഏഴിന് ഇരുവരും പുതിയ പദവി ഏറ്റെടുത്തു.

2018 ൽ പിഎസ്എ ഗ്രൂപ്പിൽ



മാർക്കറ്റിംഗ് ആൻഡ് കോർപ്പറേ റ്റ് കമ്യൂണിക്കേഷൻസ് വിഭാഗം സീനിയർ ഡയറക്റ്ററായി ചേർന്ന ഉദ്യോഗസ്ഥനാണ് സൗരഭ് വത്സ. സിട്രോയെൻ ബ്രാൻഡ്, ആദ്യ ഉൽപ്പന്നമായ സി5 എയർക്രോസ് എസ്‌യുവി എന്നിവ ഇന്ത്യൻ വിപണിയിൽ അവതരിപ്പിക്കുന്നതിൽ അദ്ദേഹം നിർണായക പങ്കുവഹിച്ചു. ഇന്ത്യ യിൽ സിട്രോയെന്റെ വിൽപ്പന, വിപണനം, വിൽപ്പനാനന്തര സേവന, ഉൽപ്പന്ന ആസൂത്രണ, പിആർ പ്രവർത്തനങ്ങൾ എന്നി വയുടെ ഉത്തരവാദിത്തം സൗരഭ്



വത്സ നിർവഹിക്കും.

അതേസമയം നിപുൺ ജെ മഹാജനാണ് ഇന്ത്യയിലെ പുതിയ ജീപ്പ് ബ്രാൻഡ് മേധാവി. ഓട്ടോമോട്ടീവ് വ്യവസായത്തിൽ 25 വർഷത്തിൽ കൂടുതൽ അനുഭവസമ്പത്തിന് ഉടമയാ ണ് അദ്ദേഹം. സെയിൽസ് ഓപ്പറേഷൻസ് ആൻഡ് നെറ്റ് വർക്ക് ഡവലപ്മെന്റ് വൈസ് പ്രസിഡന്റായി കഴിഞ്ഞ അഞ്ച് വർഷമായി അദ്ദേഹം ജീപ്പിന്റെ ഭാഗമാണ്. ജീപ്പ് ബ്രാൻഡ് ഇന്ത്യ യിൽ അവതരിപ്പിക്കുന്നതിലും 50,000 യൂണിറ്റ് ജീപ്പ് കോംപസ് വിറ്റുപോകുന്നതിലും അദ്ദേഹം പ്രധാന പങ്ക് വഹിച്ചതായി സ്റ്റെല്ലാന്റിസ് പ്രസ്താവിച്ചു.

നിലവിൽ മൂന്നുനിര സീറ്റുകളോ ടുകൂടിയ എസ്‌യുവി വികസി പ്പിക്കുകയാണ് ജീപ്പ്. നിലവിലെ കോംപസ് എസ്‌യുവിയുടെ അതേ പ്ലാറ്റ്ഫോമാണ് ഈ പുതിയ മോഡൽ ഉപയോഗിക്കു ന്നത്. ടാറ്റ സഫാരി, ഹ്യുണ്ടായ് അൽക്കസർ, എംജി ഹെക്ടർ പ്ലസ്, മഹീന്ദ്ര എക്സ്‌യുവി500 (ഉടൻ പുറത്തിറക്കുന്ന അടു ത്ത തലമുറ എക്സ്‌യുവി700) എന്നീ മോഡലുകളുമായി 7 സീറ്റർ ജീപ്പ് എസ്‌യുവി മൽസരി ക്കും. അതേസമയം, സി ക്യൂ ബ്ഡ് പ്രോഗ്രാമിന്റെ ഭാഗമായി കോമൺ മോഡുലാർ പ്ലാറ്റ്ഫോം (സിഎംപി) അടിസ്ഥാനമാക്കി കോംപാക്റ്റ് എസ്‌യുവിയുടെ നിർമാണത്തിലാണ് സിട്രോ യെൻ ഇന്ത്യ. രണ്ട് മോഡലുക ളും അടുത്ത വർഷം ഇന്ത്യൻ വിപണിയിൽ അവതരിപ്പിക്കുമെ ന്ന് പ്രതീക്ഷിക്കുന്നു.

## Peaceful & Nurturing Environment where People can Recuperate & Rejuvenate



ayur vaidya MANA
ayur-vaidyamana.com

# Ayur Vaidya Mana

**Best ayurvedic heritage home in Palakkad**
**Experience relaxing stay**


ayur-vaidyamana.com

for more contact

**8220368888, 7356523232, 9747300088**

# അരവിന്ദ് ഓട്ടോമൊബൈൽസ്
## പുനർജനിക്കുന്നു

കേരളം ആസ്ഥാനമായ അരവിന്ദ് ഓട്ടോമൊബൈൽസ് അടുത്ത പത്ത് വർഷത്തിനുള്ളിൽ നാല് ആഡംബര ഇലക്ട്രിക് കാറുകൾ ഇന്ത്യൻ വിപണിയിൽ അവതരിപ്പിക്കും. അരവിന്ദ് ഓട്ടോമൊബൈൽസ് തങ്ങളുടെ ഭാവി പദ്ധതികൾ നേരത്തെ വെളിപ്പെടുത്തിയിരുന്നു. കേരളത്തിന്റെ മാരുതി എന്നറിയപ്പെട്ട അരവിന്ദ് ഓട്ടോമൊബൈൽസ് ഇതോടെ പുനർജനിക്കുകയാണ്. ബ്രാൻഡ് തങ്ങളുടെ പുതിയ ലോഗോ ഈയിടെ പുറത്തിറക്കിയിരുന്നു. 1956 ൽ സ്ഥാപിതമായ വാഹന നിർമാതാക്കളാണ് അരവിന്ദ് ഓട്ടോമൊബൈൽസ്.







തിരുവിതാംകൂർ രാജാവായ ശ്രീ ചിത്തിര തിരുനാളിനായി 'പാലസ് സ്പെഷൽ' നിർമിച്ചാണ് അരവിന്ദ് ഓട്ടോമൊബൈൽസ് ഈ രംഗത്തേക്ക് കടന്നുവന്നത്. എകെ ബാലകൃഷ്ണ മേനോൻ ആയിരുന്നു ഈ കാറിന്റെ ശിൽപ്പി. അദ്ദേഹത്തിന്റെ മരണത്തെത്തുടർന്ന് തൊഴിലാളികളുടെ സഹകരണ സംഘത്തിന് കമ്പനി കൈമാറിയതിനാൽ ഈ കാറിന്റെ സീരീസ് ഉൽപ്പാദനം നടക്കാതെ പോയി. ബാലകൃഷ്ണ മേനോന്റെ ചെറുമകനാണ് ഇപ്പോൾ ബ്രാൻഡ് പുനരുജ്ജീവിപ്പിക്കുന്നതിന് ശ്രമിക്കുന്നത്.

അരവിന്ദ് ഓട്ടോമൊബൈൽസിന്റെ ഭാവി പദ്ധതികൾ അനുസരിച്ച് മാർക്ക് എ എന്ന എൻട്രി ലെവൽ മോഡൽ ഇന്ത്യൻ വിപണിയിലെത്തും. സെലീൻ എന്ന കോഡ് നാമമാണ് ഇപ്പോൾ നൽകിയിരിക്കുന്നത്. മെഴ്സേഡസ് ബെൻസ് എ ക്ലാസ് സെഡാൻ, ബിഎംഡബ്ല്യു 2 സീരീസ് ഗ്രാൻ കൂപ്പെ എന്നീ മോഡലുകളുമായി മൽസരിക്കാൻ തക്കവിധം കേമനായിരിക്കും അരവിന്ദ് മാർക്ക് എ.

മെഴ്സേഡസ് ബെൻസ് ഇ ക്ലാസ്, ബിഎംഡബ്ല്യു 5 സീരീസ് എന്നിവയുമായി മത്സരിക്കുന്ന മാർക്ക് കെ സെഡാൻ ആയിരിക്കും രണ്ടാമത്തെ മോഡൽ. ഹാൽസിയോൺ എന്ന കോഡ് നാമമാണ് ഈ കാറിന് ഇപ്പോൾ നൽകിയിരിക്കുന്നത്. ഈയിടെ അനാവരണം ചെയ്ത അരവിന്ദ് മാർക്ക് കെ മോഡലിന്റെ ഔദ്യോഗിക ചിത്രങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**1956 ൽ സ്ഥാപിതമായ വാഹന നിർമാതാക്കളാണ് അരവിന്ദ് ഓട്ടോമൊബൈൽസ്. പുതിയ ലോഗോ ഈയിടെ പുറത്തിറക്കിയിരുന്നു**

ഒരു ക്രോസ്ഓവർ മോഡൽ കൂടി അരവിന്ദ് ഓട്ടോമൊബൈൽസ് പദ്ധതിയിടുന്നു. മാർക്ക് ബി എന്ന ഈ മോഡൽ മെഴ്സേഡസ് ബെൻസ് ജിഎൽസി, ജാഗ്വാർ എഫ് പേസ് എന്നിവയുമായി വിപണിയിൽ മൽസരിക്കും. നിലവിലെ കോഡ് നാമം ടൈഫോൺ എന്നാണ്.

മെഴ്സേഡസ് ബെൻസ് എസ് ക്ലാസ്, ബിഎംഡബ്ല്യു 7 സീരീസ് എന്നിവയുമായി മത്സരിക്കുന്ന മാർക്ക് എം സെഡാൻ ആയിരിക്കും നാലാമത്തെ മോഡൽ. പ്രോമിത്യൂസ് എന്ന കോഡ് നാമമാണ് ഇപ്പോൾ നൽകിയിരിക്കുന്നത്. ഈ മോഡൽ 2031 ൽ വിപണിയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.

നാല് യൂണിറ്റ് 'പ്രൈം' സെഡാൻ പ്രത്യേകമായി നിർമിക്കുന്നതും അരവിന്ദ് ഓട്ടോമൊബൈൽസിന്റെ പദ്ധതിയാണ്. പ്രധാനമന്ത്രി അല്ലെങ്കിൽ രാഷ്ട്രപതിയുടെ ഉപയോഗത്തിന് ഈ കാറുകൾ കൈമാറും. മറ്റ് രാജ്യങ്ങളിലെ നേതാക്കൾക്ക് 'പ്രൈം' സെഡാൻ ലഭ്യമാകില്ല. ജർമനിയിലെ നൂർബുർഗ്റിംഗ് സർക്യൂട്ടിൽ ഓടി കഴിവ് തെളിയിക്കുന്ന ആദ്യ ഇന്ത്യൻ കാർ നിർമിക്കുന്നതും അരവിന്ദ് ഓട്ടോമൊബൈൽസിന്റെ പരിഗണനയിലാണ്.

# ജാഗ്വാർ എഫ് ടൈപ്പ്

## ആർ ഡൈനാമിക് ബ്ലാക്ക് ബുക്കിംഗ് തുടരുന്നു

ജാഗ്വാർ എഫ് ടൈപ്പ് ആർ ഡൈനാമിക് ബ്ലാക്ക് വേരിയന്റ് വൈകാതെ ഇന്ത്യൻ വിപണിയിൽ അവതരിപ്പിക്കും. പുതിയ വേരിയന്റിനായി ജാഗ്വാർ ലാൻഡ് റോവർ ഇന്ത്യ ബുക്കിംഗ് സ്വീകരിച്ചുതുടങ്ങി. സാന്റൊറീനി ബ്ലാക്ക്, ഐഗർ ഗ്രേ, ഫിറെൻസെ റെഡ് എന്നീ മൂന്ന് കളർ ഓപ്ഷനുകളിൽ ആർ ഡൈനാമിക് ബ്ലാക്ക് വേർഷൻ ലഭിക്കും.




ബ്ലാക്ക് പാക്ക് ലഭിച്ചതാണ് പുതിയ വകഭേദം. റെഗുലർ മോഡലിൽ നിന്ന് വേർതിരിച്ചറിയുന്നതിന് സൗന്ദര്യവർധക, ഫീച്ചർ ഹൈലൈറ്റുകളോടെയാണ് ആർ ഡൈനാമിക് ബ്ലാക്ക് വേരിയന്റ് വരുന്നത്. കൂടാതെ, 20 ഇഞ്ച് വ്യാസമുള്ള 5 സ്പ്ലിറ്റ് സ്പോക്ക് അലോയ് വീലുകൾക്ക് ഗ്ലോസ് ബ്ലാക്ക് ഫിനിഷ് ലഭിച്ചതോടെ ആകെ ലുക്ക് പിന്നെയും വർധിച്ചു.

ഇന്റീരിയർ വിശേഷങ്ങളിലേക്ക് കടന്നാൽ, സ്പോർട്ടി തീം താൽപ്പര്യപ്പെടുന്ന ഉപയോക്താക്കൾക്കായി ലൈറ്റ് ഓയ്സ്റ്റർ തുന്നൽ സഹിതം എബണി അല്ലെങ്കിൽ ഫ്ളെയിം റെഡ് തുന്നൽ സഹിതം മാർസ് എന്നീ രണ്ട് ഓപ്ഷനുകളിൽ വിൻഡ്സർ ലെതർ പെർഫോമൻസ് സീറ്റുകൾ ലഭിക്കും. ഈ സീറ്റുകൾ പന്ത്രണ്ട് വിധത്തിൽ ക്രമീകരിക്കാൻ കഴിയും. എബണി സ്യൂഡ്ക്ലോത്ത് ഹെഡ്‌ലൈനർ, ഡോർ ട്രിമ്മുകളിലെ മോണോഗ്രാം സ്റ്റിച്ച് പാറ്റേൺ എന്നിവ പ്രീമിയം നിലവാരം പിന്നെയും വർധിപ്പിക്കുന്നതാണ്.

5.0 ലിറ്റർ, സൂപ്പർചാർജ്ഡ് വി8 എൻജിനാണ് കരുത്തേകുന്നത്. ഈ മോട്ടോർ 444 ബിഎച്ച്പി കരുത്തും 580 എൻഎം ടോർക്കും പരമാവധി സൃഷ്ടിക്കും. എൻജിനുമായി ഘടിപ്പിച്ച 8 സ്പീഡ് 'ക്വിക്ക് ഷിഫ്റ്റ്' ട്രാൻസ്മിഷൻ പിൻ ചക്രങ്ങളിലേക്ക് കരുത്ത് കൈമാറുന്നു.

# ലാസ്റ്റ് മൈൽ ഡെലിവറിയിൽ കേമനാകാൻ

## ടാറ്റ ഏസ് ഗോൾഡ് പെട്രോൾ സിഎക്സ്

ടാറ്റ ഏസ് ഗോൾഡ് പെട്രോൾ സിഎക്സ് ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. 3.99 ലക്ഷം രൂപ മുതലാണ് പുണെ എക്സ് ഷോറൂം വില. നാല് ചക്രങ്ങളോടുകൂടി ഇന്ത്യയിൽ ഏറ്റവും താങ്ങാവുന്ന വിലയിൽ ലഭിക്കുന്ന ചെറിയ വാണിജ്യ വാഹനമാണ് (എസ്‌സിവി) ടാറ്റ ഏസ് ഗോൾഡ് പെട്രോൾ സിഎക്സ്. ഫ്ളാറ്റ്ബെഡ്, ഹാഫ് ഡെക്ക് ലോഡ് ബോഡി എന്നീ രണ്ട് വേരിയന്റുകളിൽ ലഭിക്കും. രണ്ടാമത്തെ വേരിയന്റിന് 4.10 ലക്ഷം രൂപയാണ് വില.



ഇതോടൊപ്പം, ആകർഷകമായ ഫിനാൻസ് ഓപ്ഷനുകളും ടാറ്റ മോട്ടോഴ്സ് വാഗ്ദാനം ചെയ്യുന്നു. ഉപയോക്താക്കൾക്ക് ഓൺ റോഡ് വിലയുടെ 90 ശതമാനം വരെ ഫിനാൻസ് ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി (എസ്ബിഐ) ടാറ്റ മോട്ടോഴ്സ് കൈകോർത്തു. പ്രതിമാസം 7,500 രൂപ മുതലായിരിക്കും ഇഎംഐ.

ടാറ്റയുടെ 649 സിസി, ഇരട്ട സിലിണ്ടർ പെട്രോൾ എൻജിനാണ് കരുത്തേകുന്നത്. ഈ എൻജിനുമായി 4 സ്പീഡ് ഗിയർബോക്സ് ഘടിപ്പിച്ചു. 1.5 ടൺ പേലോഡ് ശേഷിയോടെയാണ് ഏസ് വരുന്നത്. എസ്‌സിവി സെഗ്മെന്റിലെ ഗെയിംചേഞ്ചറായിരിക്കും ഏസ് ഗോൾഡ് പെട്രോൾ സിഎക്സ് വേരിയന്റ് എന്ന് ടാറ്റ മോട്ടോഴ്സ് അവകാശപ്പെടുന്നു.

ലോജിസ്റ്റിക്സ്, പഴങ്ങളുടെയും പച്ചക്കറികളുടെയും വിതരണം, കാർഷിക ഉൽപ്പന്നങ്ങൾ, പാനീയങ്ങൾ, കുപ്പികൾ, എഫ്എംസിജി, എഫ്എംസിഡി സാധനങ്ങൾ, ഇ കൊമേഴ്സ്, പാഴ്സൽ & കൊറിയർ, ഫർണിച്ചർ, എൽപിജി സിലിണ്ടറുകൾ, ഡയറി, ഫാർമ, ഭക്ഷ്യ ഉൽപ്പന്നങ്ങൾ, ശീതീകരിച്ച ഗതാഗതം, മാലിന്യ സംസ്കരണ ആവശ്യകതകൾ തുടങ്ങി നിരവധി ഉപയോഗങ്ങൾ ഉള്ളതിനാൽ ലാസ്റ്റ് മൈൽ ഡെലിവറിയുമായി ബന്ധപ്പെട്ട് ഏസ് ഗോൾഡ് പെട്രോൾ സിഎക്സ് വേരിയന്റിന് മുൻനിരയിലായിരിക്കും സ്ഥാനം.

ടാറ്റ മോട്ടോഴ്സിന്റെ എല്ലാ വാണിജ്യ വാഹനങ്ങളെയും പോലെ, 'സമ്പൂർണ്ണ സേവ 2.0' സപ്പോർട്ട് സഹിതമാണ് ഏസ് ഗോൾഡ് പെട്രോൾ സിഎക്സ് വരുന്നത്. വിവിധ കെയർ ആൻഡ് സർവീസ് പ്രോഗ്രാമുകൾ, വാർഷിക പരിപാലനം, പുനർവിൽപ്പന അവസരങ്ങൾ എന്നിവ വാഗ്ദാനം ചെയ്യുന്നതാണ് ഈ പദ്ധതി. ടാറ്റയുടെ 24/7 പാതയോര സഹായം, 15 ദിവസ അപകട റിപ്പയർ ഗ്യാരണ്ടി എന്നിവയും ഉപയോക്താക്കൾക്ക് ലഭിക്കും.

# നിങ്ങൾ ഇലക്ട്രിക് സ്കൂട്ടർ വാങ്ങുന്നതിനു മുൻപ് റൂട്ട് ഓട്ടോ ഇലക്ട്രിക് സ്കൂട്ടർ ഒന്ന് പരീക്ഷിക്കൂ.

ഇന്ധനവില 100 കടന്നു കുതിക്കുമ്പോൾ ഇലക്ട്രിക് വാഹനങ്ങളിലേക്കു ചുവടുമാറ്റുകയാണ് ഇന്ത്യയിലെ ജനങ്ങൾ. ഇലക്ട്രിക് സ്കൂട്ടറിന്റെ വിൽപനയിൽ വലിയ മുന്നേറ്റമാണ് കേരളത്തിലും സംഭവിച്ചു കൊണ്ടിരിക്കുന്നത്. 2020ൽ ആകെ വിറ്റ ഇലക്ട്രിക് സ്കൂട്ടറുകളേക്കാൾ കൂടുതലാണ് ഈ വർഷം ഇതുവരെ വിറ്റുപോയത്. കേരളത്തിൽ ഏറ്റവും വേഗതയിൽ വളരുന്ന പ്രധാനപ്പെട്ട കമ്പനികളിൽ ഒന്നായി മാറാൻ പോകുകയാണ് റൂട്ട് ഓട്ടോ ഇലക്ട്രിക് സ്കൂട്ടർ. ഏറ്റവും കൂടുതൽ മോഡലുകൾ വിപണിയിലേക്കെത്തിക്കുന്ന കമ്പനി എന്ന ഒരു പ്രത്യേകതയും റൂട്ട് ഓട്ടോ ഇലക്ട്രിക്കിനു അവകാശപ്പെട്ടതാണ്. പൂർണ്ണമായും ഇന്ത്യൻ നിർമിത വാഹനത്തിന് പ്രശസ്ത കമ്പനിയായ യു. കെ മോഡേൺ ടെക് കമ്പനി ലിമിറ്റഡ്, മാക് ഇന്റർനാഷണൽ കമ്പനി ലിമിറ്റഡ് എന്നീ കമ്പനി കളുമായി അസോസിയേഷൻ ഉണ്ട്. സമീപ ഭാവിയിൽ പതിനാറു മോഡലുകളിൽ വ്യത്യസ്ത കളറുകളിൽ വാഹനം വിപണിയിൽ ലഭ്യമായേക്കും.



ROUTE AUTO ELECTRIC



## തെളിഞ്ഞ ഭാവി

അന്തരീക്ഷ മലിനീകരണമില്ലാത്ത. ചെലവു വളരെക്കുറഞ്ഞ ഇ സ്കൂട്ടർ ഭാവിയിൽ ഇരുചക്ര വിപണി കയ്യടക്കിയേക്കും. കേന്ദ്ര സർക്കാർ സബ്സിഡി ഉയർത്തിയതും കുതിച്ചുയരുന്ന ഇന്ധനവിലയും ഇ സ്കൂട്ടറിനെ കൂടുതൽ ആകർഷകമാക്കുന്നു. 2030 ഓടെ ഇലക്ട്രിക് സ്കൂട്ടർ വിൽപന 3 കോടി കടക്കുമെനന്നാണ് പ്രതീക്ഷിക്കപ്പെടുന്നത് . ഇരുചക്രവാഹന വിൽപനയുടെ 40 ശതമാനം ഇലക്ട്രിക് സ്കൂട്ടറിലേക്ക് 2025 ഓടെ മാറുമെന്നാണ് കണക്കുകൾ. കൂടുതൽ കൂടുതൽ മാനുഫാക്ചറർസ് വരുന്നതോട് കൂടി ഇ സ്കൂട്ടർ വിപണിയിൽ വലിയ മാറ്റങ്ങളുാക്കും. രെജിസ്ട്രേഷൻ ആവശ്യമുള്ള മോഡലുകളും, രെജിസ്ട്രേഷൻ ആവശ്യമില്ലാത്ത മോഡലുകളും റൂട്ട് ഓട്ടോ ഇലക്ട്രിക് വിപണിയിൽ എത്തിക്കുന്നുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലും കൂടി നൂറിൽപ്പരം ഷോറൂമുകളാണ് വരുന്ന ആറ് മാസങ്ങൾക്കുള്ളിൽ റൂട്ട് ഓട്ടോ ഇലക്ട്രിക് സ്കൂട്ടേഴ് തുറക്കാൻ പദ്ധതിയിട്ടിരിക്കുന്നത്.

We're the fastest growing
**electric two-wheeler brand looking for channel partners**


who thrive to build a future that is eco-friendly, intelligent an filled with happy Route owners just as much as we do.

•feel free to contact•

**+91 9446 387 877**

ROUTE AUTO ELECTRIC

## The electric era is coming



* All Pictures shown are for illustration purpose only.Actual product may vary due to product enhancement.

PREVENTION OF COVID-19

WEAR A FACE MASK · WASH YOUR HAND · SOCIAL DISTANCING · STAY AT HOME


Route Auto Electric PVT LTD | All Rights Reserve

# ആരെടാ...
# ഞാനെടാ മൾട്ടിസ്ട്രാഡ വി4

ഡുകാറ്റി മൾട്ടിസ്ട്രാഡ വി4 ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. രണ്ട് വേരിയന്റുകളിൽ മോട്ടോർസൈക്കിൾ ലഭിക്കും. സ്റ്റാൻഡേഡ് വി4 മോഡലിന് 19 ലക്ഷം രൂപയാണ് വില. രണ്ട് കളർ ഓപ്ഷനുകളിൽ വി4 എസ് എന്ന ടോപ് സ്പെക് വേരിയന്റ് ലഭിക്കും. ഡുകാറ്റി റെഡ് നിറത്തിന് 23.10 ലക്ഷം രൂപയും ഏവിയേറ്റർ ഗ്രേ നിറത്തിന് 23.30 ലക്ഷം രൂപയുമാണ് വില. എല്ലാം ഇന്ത്യ എക്സ് ഷോറൂം വില.



ഡുകാറ്റിയുടെ 1158 സിസി, ‘ വി4 ഗ്രാൻടുറിസ്മോ’ എൻജിനാണ് മൾട്ടിസ്ട്രാഡ വി4 മോട്ടോർ സൈക്കിളിന് കരുത്തേകുന്നത്. ഡുകാറ്റിയുടെ ഡെസ്മോഡ്രോമിക് വാൽവുകൾ ഒഴിവാക്കി പകരം സ്പ്രിംഗ് വാൽവ് റിട്ടേൺ സിസ്റ്റം നൽകിയതാണ് ഈ എൻജിൻ. ഇതോടെ സർവീസ് ഇടവേള വളരെയധികം വർധിച്ചു. വാൽവ് പരിശോധനയുടെ ഇടവേള 60,000 കിലോമീറ്ററാണ്. വി ടിൻ കരുത്തേകുന്ന മൾട്ടിസ്ട്രാഡ 1260 മോട്ടോർ സൈക്കിളിനേക്കാൾ ഇരട്ടി ദൂരം.



താഴ്ന്ന റെവുകളിൽ റൈഡിംഗ് അനുഭവം മെച്ചപ്പെടുത്തുന്നതിന് എൻജിൻ ട്യൂൺ ചെയ്തതായി ഡുകാറ്റി അറിയിച്ചു. യൂറോ 5 (ബിഎസ് 6) പാലിക്കുന്ന എൻജിൻ 10,500 ആർപിഎമ്മിൽ 170 എച്ച്പി കരുത്തും 8,750 ആർപിഎമ്മിൽ 125 എൻഎം ടോർക്കുമാണ് പരമാവധി ഉൽപ്പാദിപ്പിക്കുന്നത്. വി4 ഗ്രാൻടുറിസ്മോ എൻജിന്റെ ഭാരം 66.7 കിലോഗ്രാമാണ്. മൾട്ടിസ്ട്രാഡ 1260 ഉപയോഗിക്കുന്ന ടെസ്റ്റസ്ട്രെറ്റ ടിൻ സിലിണ്ടർ എൻജിനേക്കാൾ 1.2 കിലോഗ്രാം ഭാരം കുറവ്.





ടെക് സമൃദ്ധ മോട്ടോർ സൈക്കിളാണ് മൾട്ടിസ്ട്രാഡ വി4. കോർണറിംഗ് എബിഎസ്, ഡുകാറ്റി വീലി കൺട്രോൾ (ഡിഡബ്ല്യുസി), ഡുകാറ്റി ട്രാക്ഷൻ കൺട്രോൾ (ഡിടിസി), ഡുകാറ്റി കോർണറിംഗ് ലൈറ്റുകൾ (ഡിസിഎൽ) എന്നിവയുടെ പ്രവർത്തനം കൈകാര്യം ചെയ്യുന്നത് ഇനേർഷ്യൽ മെഷർമെന്റ് യൂണിറ്റാണ് (ഐഎംയു).

വെഹിക്കിൾ ഹോൾഡ് കൺട്രോൾ (വിഎച്ച്സി), ഓട്ടോ ലെവലിംഗ് ഫംഗ്ഷൻ സഹിതം സെമി ആക്റ്റീവ് ഡുകാറ്റി സ്കൈഹുക്ക് സസ്പെൻഷൻ (ഡിഎസ്എസ്) കൺട്രോൾ സിസ്റ്റം എന്നിവ എസ് വേരിയന്റിലെ അധിക ഫീച്ചറുകളാണ്. അഡാപ്റ്റീവ് ക്രൂസ് കൺട്രോൾ (എസിസി), ബ്ലൈൻഡ് സ്പോട്ട് ഡിറ്റക്ഷൻ (ബിഎസ്ഡി) എന്നിവ ഉപയോഗിക്കുന്ന റഡാർ സംവിധാനം മോട്ടോർ സൈക്കിളിന്റെ മുന്നിലും പിന്നിലും സ്റ്റാൻഡേഡായി നൽകി. അലുമിനിയം മോണോകോക്ക് ഫ്രെയിമിലാണ് നിർമിച്ചിരിക്കുന്നത്.

> **സ്റ്റാൻഡേഡ് വി4 മോഡലിന് 19 ലക്ഷം രൂപയാണ് വില. രണ്ട് കളർ ഓപ്ഷനുകളിൽ വി4 എസ് എന്ന ടോപ് സ്പെക് വേരിയന്റ് ലഭിക്കും. ഡുകാറ്റി റെഡ് നിറത്തിന് 23.10 ലക്ഷം രൂപയും ഏവിയേറ്റർ ഗ്രേ നിറത്തിന് 23.30 ലക്ഷം രൂപയുമാണ് ഇന്ത്യ എക്സ് ഷോറൂം വില**

മുന്നിൽ 19 ഇഞ്ച്, പിന്നിൽ 17 ഇഞ്ച് സ്പോക്ക് വീലുകളിലാണ് ഡുകാറ്റി മൾട്ടിസ്ട്രാഡ വി4 ഓടുന്നത്. വീൽബേസ്, ഗ്രൗണ്ട് ക്ലിയറൻസ് എന്നിവ യഥാക്രമം 1,567 എംഎം, 220 എംഎം എന്നിങ്ങനെയാണ്. 218 കിലോഗ്രാമാണ് വി4 എസ് മോട്ടോർസൈക്കിളിന്റെ ഭാരം. സ്റ്റാൻഡേഡ് മോഡലിനേക്കാൾ ഒരു കിലോഗ്രാം കൂടുതൽ. ഇന്ധന ടാങ്കിന്റെ ശേഷി 22 ലിറ്ററാണ്.

# കടുവാ ദിനത്തിൽ ബെനെല്ലിയുടെ ഗർജനം

ബെനെല്ലി 502സി ക്രൂസർ മോട്ടോർസൈക്കിൾ ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. 4.98 ലക്ഷം രൂപയാണ് എക്സ് ഷോറൂം വില. പവർ ക്രൂസർ എന്ന വിശേഷണത്തോടെയാണ് ബെനെല്ലി 502സി വിപണിയിലെത്തുന്നത്. പ്രീ ബുക്കിംഗ് ആരംഭിച്ചതായി ബെനെല്ലി ഇന്ത്യ പ്രഖ്യാപിച്ചിരുന്നു. രാജ്യമെങ്ങുമുള്ള ബെനെല്ലി ഡീലർഷിപ്പുകളിൽ 10,000 രൂപ നൽകി മോട്ടോർസൈക്കിൾ ബുക്ക് ചെയ്യാം. ഡെലിവറി ഉടൻ ആരംഭിക്കുമെന്ന് ബെനെല്ലി ഇന്ത്യ വ്യക്തമാക്കി. സ്വന്തം കുടുംബത്തിലെ ബെനെല്ലി ലിയോൺചിനോ 500 ഒഴികെ നിലവിൽ ഇന്ത്യയിൽ മറ്റൊരു അനുയോജ്യനായ എതിരാളിയില്ല.



ഡുകാറ്റി ഡിയാവെലിനെ ഓർമപ്പെടുത്തുന്നതാണ് ബെനെല്ലി 502സി മോട്ടോർസൈക്കിളിന്റെ ഡിസൈൻ. നീളം കുറഞ്ഞതും വണ്ണമുള്ളതുമായ സീറ്റ്, പുറമേ കാണുന്നവിധം ട്രെല്ലിസ് ഫ്രെയിം, മുന്നിൽ പെറ്റൽ ഡിസ്‌ക്കുകൾ, നീളമേറിയ ഇന്ധന ടാങ്ക്, എൽഇഡി ഹെഡ്‌ലൈറ്റിന്റെ ആകൃതി എന്നിവയെല്ലാം ഡുകാറ്റി ഡിയാവെൽ മോട്ടോർസൈക്കിളുമായി സാമ്യമുള്ളതാണ്. പൂർണ ഡിജിറ്റലായ ഇൻസ്ട്രുമെന്റ് കൺസോൾ, ക്രമീകരിക്കാവുന്ന ക്ലച്ച് ലിവർ, ഡുവൽ ബാരൽ എക്‌സോസ്റ്റ്, സുഖപ്രദമായ റൈഡിംഗ് പൊസിഷൻ എന്നിവയാണ് മറ്റ് ഫീച്ചറുകൾ.

ബെനെല്ലി ലിയോൺചിനോ 500, ബെനെല്ലി ടിആർകെ 502 എന്നീ മോട്ടോർസൈക്കിളുകൾ ഉപയോഗിക്കുന്നതും ബിഎസ് 6 പാലിക്കുന്നതുമായ അതേ 500 സിസി, പാരലൽ ട്വിൻ എൻജിനാണ് കരുത്തേകുന്നത്. ഈ മോട്ടോർ 8,500 ആർപിഎമ്മിൽ 46.8 ബിഎച്ച്പി കരുത്തും 6,000 ആർപിഎമ്മിൽ 46 എൻഎം ടോർക്കും പരമാവധി ഉൽപ്പാദിപ്പിക്കും. എൻജിനുമായി 6 സ്പീഡ് ഗിയർബോക്സ് ഘടിപ്പിച്ചു.

മുന്നിൽ 130 എംഎം ട്രാവൽ ചെയ്യുന്ന 41 എംഎം യുഎസ്ഡി ഫോർക്കുകളും പിന്നിൽ 50 എംഎം ട്രാവൽ ചെയ്യുന്ന മോണോഷോക്കുമാണ് സസ്‌പെൻഷൻ നിർവഹിക്കുന്നത്. മുന്നിലും പിന്നിലും 17 ഇഞ്ച് വ്യാസമുള്ള അലോയ് വീലുകൾ നൽകി. മുൻ ചക്രത്തിൽ 280 എംഎം ഇരട്ട ഡിസ്‌ക്കുകളും പിൻ ചക്രത്തിൽ 240 എംഎം ഡിസ്‌ക്കും ബ്രേക്കിംഗ് കൈകാര്യം ചെയ്യും. എബിഎസ് സ്റ്റാൻഡേഡ് ഫിറ്റ്‌മെന്റാണ്. പിറെല്ലി ഏഞ്ചൽ ജിടി ടയറുകൾ ഉപയോഗിക്കുന്നു. സ്റ്റീൽ ട്യൂബ് ട്രെല്ലിസ് ഫ്രെയിമിലാണ് ക്രൂസർ മോട്ടോർസൈക്കിൾ നിർമിച്ചിരിക്കുന്നത്. 750 എംഎം മാത്രമാണ് സീറ്റിന്റെ ഉയരം. ഗ്രൗണ്ട് ക്ലിയറൻസ് 170 മില്ലിമീറ്റർ. വീൽബേസിന് നീളം കൂടും. 1,600 മില്ലിമീറ്ററാണ്. ഇന്ധന ടാങ്കിന്റെ ശേഷി 21.5 ലിറ്ററാണ്. അതുകൊണ്ടു തന്നെ കൂടുതൽ തവണ ഇന്ധനം നിറയ്ക്കാൻ നിർത്താതെ ദീർഘദൂരം സഞ്ചരിക്കാൻ കഴിയും.

---

# ഹോണ്ട അമേസ് ഫേസ്‌ലിഫ്റ്റ്

## പ്രീ ബുക്കിംഗ് ആരംഭിച്ചു

ഫേസ്‌ലിഫ്റ്റ് ചെയ്ത ഹോണ്ട അമേസ് ഈ മാസം 18 ന് ഇന്ത്യൻ വിപണിയിൽ അവതരിപ്പിക്കും. ഹോണ്ട കാർസ് ഇന്ത്യ പ്രീ ബുക്കിംഗ് സ്വീകരിച്ചുതുടങ്ങി. ഡീലർഷിപ്പുകളിൽ 21,000 രൂപയാണ് ബുക്കിംഗ് തുക. വെബ്സൈറ്റിൽ 5,000 രൂപ നൽകി പുതിയ അമേസ് ബുക്ക് ചെയ്യാൻ കഴിയും.




2018 ൽ തലമുറ മാറ്റം കൈവന്ന കാറാണ് ഹോണ്ട അമേസ് സബ്‌കോംപാക്റ്റ് സെഡാൻ. ഇപ്പോൾ മിഡ് ലൈഫ് അപ്ഡേറ്റാണ് ലഭിക്കുന്നത്. പുതിയ എൽഇഡി പ്രൊജക്റ്റർ ഹെഡ്‌ലാംപുകൾ, പുനർ രൂപകൽപ്പന ചെയ്ത ടെയ്ൽ ലാംപുകൾ, പുതിയ അലോയ് വീലുകൾ എന്നിവ കൂടാതെ പുതിയ ഫീച്ചറുകൾ, കണക്റ്റിവിറ്റി ഓപ്ഷനുകൾ സഹിതം നവീകരിച്ച ഇന്റീരിയർ തുടങ്ങിയവ സൗന്ദര്യവർധക പരിഷ്കാരങ്ങളിൽ ഉൾപ്പെടാനാണ് സാധ്യത.

2013 ൽ അരങ്ങേറിയ മുതൽ 4.5 ലക്ഷത്തിലധികം ഇന്ത്യക്കാരുടെ മനം കവരാൻ ഹോണ്ട അമേസിന് കഴിഞ്ഞതായി ഹോണ്ട കാർസ് ഇന്ത്യ വിപണന, വിൽപ്പന വിഭാഗം സീനിയർ വൈസ് പ്രസിഡന്റും ഡയറക്റ്ററുമായ രാജേഷ് ഗോയൽ പറഞ്ഞു. ഇന്ത്യയിലെ ഏറ്റവും പ്രിയപ്പെട്ട ഫാമിലി സെഡാനുകളിലൊന്നായി ഹോണ്ട അമേസ് മാറിയെന്നും കൂടുതൽ പ്രീമിയം, സ്റ്റൈലിഷ് കാറാണ് പുതിയ അമേസ് എന്നും അദ്ദേഹം വിശദീകരിച്ചു.

നിലവിലെ അതേ പെട്രോൾ, ഡീസൽ എൻജിനുകൾ തുടരും. 1.2 ലിറ്റർ പെട്രോൾ എൻജിൻ 89 ബിഎച്ച്പി കരുത്തും 110 എൻഎം ടോർക്കുമാണ് പരമാവധി ഉൽപ്പാദിപ്പിക്കുന്നത്. 1.5 ലിറ്റർ ഡീസൽ മോട്ടോർ 99 ബിഎച്ച്പി കരുത്തും 200 എൻഎം ടോർക്കും പരമാവധി പുറപ്പെടുവിക്കും. 5 സ്പീഡ് മാന്വൽ, സിവിടി എന്നിവ രണ്ട് എൻജിനുകളുടെയും സ്റ്റാൻഡേഡ് ഓപ്ഷനാണ്. ഫോഡ് ആസ്പയർ, ഹ്യുണ്ടായ് ഓറ, മാരുതി സുസുകി ഡിസയർ എന്നിവയാണ് എതിരാളികൾ.

# ഹീറോ ഇലക്ട്രിക് 220 കോടി രൂപ സമാഹരിച്ചു

ഇന്ത്യയിലെ ഏറ്റവും വലിയ ഇലക്ട്രിക് ഇരുചക്ര വാഹന നിർമാതാക്കളായ ഹീറോ ഇലക്ട്രിക് പുതുതായി സീരീസ് ബി ഫണ്ടിംഗ് വഴി 220 കോടി രൂപയുടെ നിക്ഷേപം സമാഹരിച്ചു. ജിഐഐ (ഗൾഫ് ഇസ്ലാമിക് ഇൻവെസ്റ്റ്മെന്റ്സ്), ഓക്സ് എന്നിവയാണ് പുതുതായി നിക്ഷേപം നടത്തിയത്. ഉൽപ്പാദനശേഷി വർധിപ്പിക്കുന്നതിനും വിപണിയിലെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനും ഭാവി സാങ്കേതികവിദ്യയിൽ നിക്ഷേപിക്കുന്നതിനും ഇന്ത്യയിലും മറ്റ് വിപണികളിലും സാന്നിധ്യം വർധിപ്പിക്കുന്നതിനും ഈ തുക വിനിയോഗിക്കും. അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഒന്നിലധികം പ്ലാന്റുകൾ സ്ഥാപിക്കാനാണ് ഹീറോ ഇലക്ട്രിക് ലക്ഷ്യമിടുന്നത്. ഓരോ വർഷവും വിൽപ്പന ഇരട്ടിയാക്കുകയെന്നതും ലക്ഷ്യമാണ്. ഓരോ വർഷവും പത്ത് ലക്ഷം ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾ വിൽക്കാനും കമ്പനി പദ്ധതിയിടുന്നു.

ആദ്യ റൗണ്ട് ഫണ്ടിംഗ് സ്വീകരിച്ച ശേഷം കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഇലക്ട്രിക് വാഹന വിപണി വലിയ മാറ്റങ്ങളിലൂടെ കടന്നുപോയതായി ഹീറോ ഇലക്ട്രിക് മാനേജിംഗ് ഡയറക്റ്റർ നവീൻ മുഞ്ജാൽ പറഞ്ഞു. ഇവി വിപണിയുടെ വളർച്ചയ്ക്ക് ഏറെ അനുയോജ്യമായിരുന്നു നയങ്ങൾ. കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ രണ്ട് മടങ്ങ് വളർച്ച കൈവരിക്കുമെന്നും അടുത്ത രണ്ട് വർഷത്തോടെ പ്രതിവർഷം പത്ത് ലക്ഷം യൂണിറ്റ് വിൽക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി. നോ എമിഷൻ ലക്ഷ്യം കൈവരിക്കാനും സുസ്ഥിര ഭാവി സൃഷ്ടിക്കാനും ഹീറോ ഇലക്ട്രിക് വിഭാവനം ചെയ്യുന്നതായി നവീൻ മുഞ്ജാൽ പ്രസ്താവിച്ചു.

ഇലക്ട്രിക് വാഹന വിപണിയിൽ 35 ശതമാനം വിപണി വിഹിതമുള്ളതായി ഹീറോ ഇലക്ട്രിക് അവകാശപ്പെടുന്നു. രാജ്യമെങ്ങും 3.5 ലക്ഷത്തിലധികം ഇലക്ട്രിക് വാഹനങ്ങളാണ് വിറ്റത്. ആഗോളതലത്തിൽ ഇന്ത്യയെ ഇലക്ട്രിക് വാഹന ഹബ്ബായി വളർത്തുകയാണ് ലക്ഷ്യമെന്ന് ഹീറോ ഇലക്ട്രിക് പ്രസ്താവിച്ചു. റീട്ടെയ്ൽ, ബി2ബി ഉപയോക്താക്കളെ ലക്ഷ്യമിട്ട് കഴിഞ്ഞ ഒരു പതിറ്റാണ്ടായി 15 ലധികം ഇലക്ട്രിക് ഇരുചക്ര വാഹന മോഡലുകളാണ് വിപണിയിൽ അവതരിപ്പിച്ചത്.

# പുതിയ ഔഡി ആർഎസ് 5 സ്പോർട്ട്ബാക്ക്


## ഇന്ത്യയിൽ അവതരിപ്പിച്ചു

2021 ഔഡി ആർഎസ് 5 സ്പോർട്ട്ബാക്ക് ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. 1.04 കോടി രൂപയാണ് രാജ്യമെങ്ങും എക്സ് ഷോറൂം വില. പ്രാരംഭ വിലയാണ് പ്രഖ്യാപിച്ചത്. പൂർണമായും നിർമിച്ചശേഷം (സിബിയു രീതി) ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുകയാണ്. ബാഹ്യ രൂപകൽപ്പന നവീകരിച്ചും പുതിയ ഫീച്ചറുകൾ നൽകിയുമാണ് പരിഷ്കരിച്ച ഔഡി ആർഎസ് 5 സ്പോർട്ട്ബാക്ക് വിപണിയിലെത്തുന്നത്. വിപണി വിടുന്ന വേർഷൻ 2 ഡോർ കൂപ്പെ ആയിരുന്നു എങ്കിൽ 4 ഡോർ സ്പോർട്ട്ബാക്കാണ് പുതിയ ഔഡി ആർഎസ് 5 സ്പോർട്ട്ബാക്ക്.




ഹണികോമ്പ് ഇൻസർട്ടുകൾ സഹിതം ആർഎസ് ഗ്രിൽ, മാട്രിക്സ് എൽഇഡി ഹെഡ് ലാംപുകൾ, സ്പ്ലിറ്റ് എൽഇഡി ടെയ്ൽ ലൈറ്റുകൾ, സ്പോയ്ലർ, ക്രോം ഫിനിഷ് ലഭിച്ച എക്സോസ്റ്റ് ടിപ്പുകൾ, 19 ഇഞ്ച് അലോയ് വീലുകൾ എന്നിവ പുറമേ കാണുന്ന ശ്രദ്ധേയ സവിശേഷതകളാണ്. അകത്ത്, എംഐബി3 അപ്ഡേറ്റ് സഹിതം 10.3 ഇഞ്ച് ടച്ച്സ്ക്രീൻ ഇൻഫൊടെയ്ൻമെന്റ് സിസ്റ്റം, അൽക്കാന്ററ അപോൾസ്റ്ററി, പനോരമിക് സൺറൂഫ്, ത്രീ സോൺ ക്ലൈമറ്റ് കൺട്രോൾ, ഔഡിയുടെ വർച്വൽ കോക്ക്പിറ്റ് എന്നിവ കൂടാതെ സ്പോർട്ട് സീറ്റുകൾ, സ്റ്റിയറിംഗ് വളയം, വിവിധ പാനലുകളിൽ ആർഎസ് ലോഗോ ഉൾപ്പെടെ നിരവധി ആർഎസ് സ്പെക് ഘടകങ്ങളും പുതിയ മോഡലിന് ലഭിച്ചു.

അതേ 2.9 ലിറ്റർ, ട്വിൻ ടർബോ, വി6 എൻജിനാണ് പുതിയ ഔഡി ആർഎസ് 5 സ്പോർട്ട്ബാക്കിന് കരുത്തേകുന്നത്. ഈ മോട്ടോർ 444 ബിഎച്ച്പി കരുത്തും 600 എൻഎം ടോർക്കും പരമാവധി ഉൽപ്പാദിപ്പിക്കും. എൻജിനുമായി 8 സ്പീഡ് ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ ഘടിപ്പിച്ചു. പൂജ്യത്തിൽ നിന്ന് മണിക്കൂറിൽ നൂറ് കിലോമീറ്റർ വേഗമാർജിക്കാൻ 3.9 സെക്കൻഡ് മതി. മണിക്കൂറിൽ 250 കിലോമീറ്ററാണ് ടോപ് സ്പീഡ്. അഞ്ച് വർഷ വാറന്റി, റോഡ് സൈഡ് അസിസ്റ്റൻസ് (ആർഎസ്എ) എന്നിവ ലഭിക്കും.


ഈ ഓണത്തിന്
ആവശ്യമുള്ളതെല്ലാം
www.shopinzoom.in.netൽ
നിന്ന് പർച്ചേസ് ചെയ്യൂ... അതും
കുറഞ്ഞ വിലയിൽ
GET IT ON
Google Play
ഈ ഓണം
ഷോപ്പ് ഇൻ സൂം ന്
ഒപ്പം
shop in zoom

KMA
HERITAGE

# KUNNATHUR MANA

## AYURVEDA HERITAGE & SPA RESORTS

GURUVAYOOR
KERALA | INDIA




**Contact Us**
0487 254 7552
+91 9809 144 666
www.kmaheritage.com

Ayurveda | Destination Wedding
Corporate Outings | Celebrations